
2023
നവംബർ
വാല്യം 16 | ലക്കം 11
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN



മിണ്ടാമഠം നവതി ആഘോഷം





ദിവ്യകാരുണ്യ കോൺഗ്രസ് പ്രതിനിധി സമ്മേളനം



# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**2023 NOVEMBER** Registered Newspaper, Reg. No. KERMAL/2008/24745 **Vol.16 • No.11**



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ...


4. എഡിറ്റോറിയൽ
7. രൂപതാ കാര്യാലയത്തിൽ നിന്ന്
8.. സർക്കുലർ
11. ദൈവവചനത്തിൽ വിടരുന്ന ദിവ്യബലി
15. ഏഴു സംജ്ഞകളിലൂടെ
17. ദിവ്യകാരുണ്യം: സ്വീകാര്യമായ സമയം
19. ഹൃദയത്തിലേക്ക് നോക്കുന്ന ദൈവം
23. ചരിത്രരചന ശില്പശാല
25 ഇടവക വാർത്തകൾ
30. വി.എസ്.എസ്.എസ്. വാർത്തകൾ
34. അഭി. പിതാവിന്റെ നവംബർ മാസ പരിപാടികൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

## Editorial

# ദിവ്യകാരുണ്യ കോൺഗ്രസ്

കേരള കത്തോലിക്കാ മെത്രാൻ സമിതി (KCBC)യുടെ നിശ്ചയപ്രകാരം 2023, 2024, 2025 എന്നീ വർഷങ്ങൾ കേരള സഭാനവീകരണ കാലഘട്ടമാണ്. 2023 ദിവ്യകാരുണ്യത്തെ കേന്ദ്രമാക്കിയും 2024 യുവജനങ്ങളെ പ്രത്യേകം പരിഗണിച്ചും 2025 സുവിശേഷവത്ക്കരണത്തെ വിഷയമാക്കിയുമാണ് ആചരിക്കപ്പെടുക. അതിൻ പ്രകാരം 2023-ൽ കേരളത്തിലെ എല്ലാ രൂപതകളിലും ഇടവകകളിലും ദിവ്യകാരുണ്യകോൺഗ്രസ് സംഘടിപ്പിക്കപ്പെടുന്നു. നമ്മുടെ രൂപതയുടെ ആത്മീയ ശക്തി സ്രോതസായി നിലകൊള്ളുന്ന ഗ്രേറ്റ് കാർമ്മൽ കോൺവെന്റിന്റെ (മിണ്ടാമഠം) നവതിയോടനുബന്ധിച്ച് വിമലഗിരിയിൽ വച്ചും മിണ്ടാമഠത്തിൽവച്ചുമായി രൂപതാതലത്തിലെ ദിവ്യകാരുണ്യകോൺഗ്രസ് ഒക്ടോബർ 7,8 തീയതികളിലായി നടത്തപ്പെടുകയുണ്ടായി. 7-ാം തീയതി വിമലഗിരിയിൽ വച്ച് ദിവ്യപൂജാർപ്പണവും എല്ലാ ഇടവകകളിലെയും സ്ഥാപനങ്ങളിലെയും പ്രതിനിധികൾക്കായി ബഹുമാനപ്പെട്ട അഗസ്റ്റിൻ മുള്ളൂർ ഒ.സി.ഡി. അച്ചന്റെ ക്ലാസും ബഹുമാനപ്പെട്ട അഗസ്റ്റിൻ മേച്ചേരിയച്ചൻ നയിച്ച പ്രതിനിധി സംഗമവും മിണ്ടാമഠത്തിലേക്ക് നടത്തപ്പെട്ട ദിവ്യകാരുണ്യപ്രദക്ഷിണവും കൊല്ലം രൂപതയുടെ മുൻമെത്രാൻ അഭിവന്ദ്യ സ്റ്റാൻലി റോമൻ പിതാവേകിയ ദിവ്യകാരുണ്യാശിർവാദവും സ്നേഹവിരുന്നും ഉണ്ടായിരുന്നു. എട്ടാം തീയതി ഉച്ചകഴിഞ്ഞ് മിണ്ടാമഠത്തിന്റെ ചാപ്പലിൽ വച്ച് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ട സമൂഹബലിയും ഉണ്ടായിരുന്നു. ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവാണ് അന്ന് വചനസന്ദേശം നൽകിയത്. കോട്ടയം അതിരൂപതയുടെ സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം തിരുമേനി സഹകാർമികനായിരുന്നു. രൂപതാതലത്തിലെ ആഘോഷത്തിനു പുറമേ ഇടവകതലത്തിലും സോണൽ തലത്തിലുമായി ദിവ്യകാരുണ്യ കോൺഗ്രസ് ആഘോഷിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ ഞായറാഴ്ചയിലും സോണിലെ വൈദികർ ഓരോ ഇടവകയിലും ഒരുമിച്ചുകൂടി, പഠനക്ലാസും ദിവ്യകാരുണ്യാരാധനയും അനുരഞ്ജനകൂദാശയും സമൂഹബലിയർപ്പണവും സ്നേഹവിരുന്നും നടത്തിവരുന്നു.

**ദിവ്യകാരുണ്യ കോൺഗ്രസ്:** മെത്രാന്മാരും വൈദികരും സന്യസ്ഥരും അൽമായരും അടങ്ങുന്ന സഭാസമൂഹം ഒരുമിച്ചുകൂടി സമൂഹദിവ്യബലി യർപ്പിച്ചും, ദിവ്യകാരുണ്യത്തെപ്പറ്റി പ്രബോധനങ്ങളും ദിവ്യകാരുണ്യാരാ ധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും നടത്തിയുമെല്ലാം ദിവ്യബലിയിലെ നമ്മുടെ കർത്താവിന്റെ യഥാർത്ഥ സാന്നിധ്യം അനുഭവിച്ച് ഏറ്റുപറയാനും ദിവ്യകാരുണ്യത്തിലൂടെ നമുക്കായി പ്രത്യേകം സന്നിഹിതനാകുന്ന കർത്താവിനെ ആരാധിക്കാനും ദിവ്യകാരുണ്യഭക്തി പ്രോത്സാഹിപ്പി ക്കാനും പ്രചരിപ്പിക്കാനും ശ്രദ്ധിക്കുന്നു. ദിവ്യകാരുണ്യ കോൺഗ്രസിലൂടെ തിരുസഭയുടെ അഥവാ ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനവും കേന്ദ്രവും മകുടവുമായി നിലകൊള്ളുന്ന ദിവ്യകാരുണ്യത്തെ അറിയുക, അനുഭവിക്കുക (സ്നേഹിക്കുക), ജീവിക്കുക എന്നതാണ് ദിവ്യകാരുണ്യ കോൺഗ്രസ് നമുക്കു തരുന്ന ആഹ്വാനം.

## ദിവ്യകാരുണ്യത്തെ അറിയണം

കൂദാശകളുടെ കൂദാശയാണ് ദിവ്യകാരുണ്യം. മറ്റു കൂദാശകൾ നമ്മെ ദിവ്യകാരുണ്യത്തിലേക്ക് നയിക്കുന്നു; (ഉദാ. ജ്ഞാനസ്നാനം, കുമ്പ സാരം) അല്ലെങ്കിൽ, 'ദിവ്യകാരുണ്യത്തിൽ നിന്ന് പുറപ്പെടുന്നു. നാം ഏറ്റം കൂടുതൽ പ്രാവശ്യം സ്വീകരിക്കുന്ന കൂദാശയാണ് ദിവ്യകാരുണ്യം. ദിവ്യ കാരുണ്യത്തിലൂടെ പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിലും ക്രിസ്തു വിന്റെ മരണത്തിലും ഉത്ഥാനത്തിലും നാം പങ്കുചേരുന്നു. ദിവ്യകാരുണ്യ ത്തിലൂടെ ദൈവികമായതെല്ലാം നമ്മിൾ നിറയുന്നു. നമ്മുടെ ജീവിതം മുഴുവൻ നാം ദൈവത്തിനർപ്പിക്കുന്നു. ദിവ്യകാരുണ്യത്തിലൂടെ നാം പിതാ വിന്റെ സ്നേഹവും പുത്രനിലൂടെ വന്ന രക്ഷയും പരിശുദ്ധാത്മാവിലൂടെ വരുന്ന നവീകരണവും വിശുദ്ധിയും ഉൾക്കൊള്ളുന്നു. തിരുസഭയുടെ അംഗങ്ങളായും സ്വർഗ്ഗത്തിന്റെ പൗരരായും നാം വളരുന്നു. ദിവ്യബലി യർപ്പണത്തിലൂടെ ക്രിസ്തുവിലേക്കും ക്രിസ്തുവിന്റെ ജീവിതത്തിലേക്കും മരണത്തിലേക്കും ഉത്ഥാനത്തിലേക്കും നാം കടന്നുചെല്ലുന്നു. ക്രിസ്തു നമ്മുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും കടന്നുവരുകയും ചെയ്യു ന്നു. അങ്ങനെ ക്രിസ്തുവിനെ കണ്ടുമുട്ടുന്ന അനുഭവമാണ് ദിവ്യകാ രുണ്യം.

## ദിവ്യകാരുണ്യം നാം ജീവിക്കണം

നാം ദിവ്യകാരുണ്യം അനുഷ്ഠിച്ചാൽ മാത്രം പോരാ. അനുഷ്ഠിക്കു ന്നത് ജീവിക്കുകയും വേണം. ദിവ്യകാരുണ്യത്തിൽ നാം അറിയുന്നതും അനുഷ്ഠിക്കുന്നതും അനുഭവിക്കുന്നതും നമ്മുടെ ജീവിതത്തിലും ജീവി തത്തിലൂടെയും പ്രകടമാകണം. നാം പരിശുദ്ധത്രിത്വത്തിന്റെ നാമത്തിൽ, ദൈവമക്കളായി, യേശുവിന്റെ ശിഷ്യരായി, പരിശുദ്ധാത്മാവിന്റെ ആലയ ങ്ങളായി സഭയുടെ അംഗങ്ങളായി സ്വർഗ്ഗത്തിന്റെ പൗരരായി ഒരുമിച്ചു കൂടണം. പരസ്പരം ക്ഷമിക്കുകയും ക്ഷമചോദിക്കുകയും ചെയ്ത് അനു

രഞ്ജനപ്പെട്ട് ഐക്യപ്പെടണം. ഒരുമിച്ച് ദൈവത്തെ സ്തുതിക്കുകയും ദൈവസ്വരം ശ്രവിക്കുകയും വേണം. പരസ്പരം ആവശ്യങ്ങൾ കണ്ടറിഞ്ഞ് ദൈവസന്നിധിയിൽ മദ്ധ്യസ്ഥം വഹിക്കണം. നമ്മെയും നമുക്കുള്ളതിനെയും നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവത്തിന് കാഴ്ചവയ്ക്കണം. ഓശാനപാടി ദൈവത്തെ നമ്മുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും കുടുംബത്തിലേക്കും കൂട്ടായ്മയിലേക്കും സമൂഹത്തിലേക്കും ലോകത്തിലേക്കും സ്വാഗതം ചെയ്യണം. കർത്താവിനോടൊത്ത് അന്ത്യത്താഴത്തിൽ നാം പങ്കുചേരണം. കാൽവരി കുരിശിന്റെ കീഴേ നിന്ന് അവിടുത്തെ ജീവനും രക്തവും നമ്മിലേക്ക് ഏറ്റുവാങ്ങണം. അവിടുത്തോടൊത്തു പാപത്തിനുമരിച്ച് ദൈവത്തിനായി ഉത്ഥിതരായി ജീവിക്കാൻ നാം തയ്യാറാകണം സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ സഹനസഭയോടും സമരസഭയോടും വിജയസഭയോടുമൊത്ത് ദൈവത്തിനു, യേശുവോടുചേർന്ന് ആരാധനയും മഹത്വവും അർപ്പിക്കണം. യേശുവിന്റെ ശരീരവും രക്തവും ഉൾക്കൊണ്ട് ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു എന്ന അനുഭവത്തിലേക്ക് നാം കടന്നുവരണം. തന്നെത്തന്നെ നമുക്കായി പങ്കുവക്കുന്ന യേശുവിന്റെ പങ്കുവയ്ക്കൽ സ്നേഹത്തിന്റെയും ജീവന്റെയും അനുഗ്രഹത്തിന്റെയും പങ്കുവയ്ക്കൽ നാം അനുഭവിക്കണം. അത് ജീവിതത്തിൽ പരിശീലിക്കണം. നമ്മുടെ ജീവിതം മറ്റുള്ളവരുടെ രക്ഷക്കുവേണ്ടിയുള്ള ഒരു അർപ്പണമായി മാറണം. നമ്മുടെ അനുദിന ജീവിതം ദിവ്യകാരുണ്യാനന്തര ദിവ്യബലി (Eucharist after the Eucharist) ആയി മാറണം. നാം ഓരോത്തരും അങ്ങനെ ദിവ്യകാരുണ്യമായി മാറുമ്പോഴാണ്, നമ്മുടെ ജീവിതം ഒരു ദിവ്യബലിയായി മാറുമ്പോഴാണ്, ദിവ്യകാരുണ്യ കോൺഗ്രസ് സാർത്ഥകമാവുക.

*പത്രാധിപർ*




നവംബർ

## ജന്മദിനാശംസകൾ

03 ഫാ. വർഗ്ഗീസ് ആലുങ്കൽ
05 ഫാ. പയസ് കുടകശേരി
14. ഫാ. ജോസഫ് മീനായിക്കോടത്ത്
14. ഫാ.ജോണിച്ചൻ പുന്നിലതത്തിൽ എസ്.എ.സി.
17. ഫാ. റ്റോം ജോസ്
22. ഫാ. മാത്യു വില്ലുകുളം
29. ഫാ. മാത്യു പൂവക്കാട്ടുതറപ്പിൽ
30. ഫാ. ക്ലീറ്റസ് കതിർപ്പറമ്പിൽ

# രൂപതാ കാര്യാലയത്തിൽ നിന്ന്

## APPOINTMENTS

**Rev. Fr. Tinto Konikudiyil Csj bp** is appointed as the Assistant Parish Priest of St. Theresa's Church, Ellapetty.

**Rev. Fr. Hilary Joseph Thekkekuttu,** in addition to his present offices, is appointed as the Spiritual Director of St. Vincent de Paul Society of the Diocese of Vijayapuram

## കോട്ടയം വിമലഗിരി കത്തീഡ്രലിൽ പരി. വിമലഗിരിമാതാവിന്റെ അമലോത്ഭവതിരുനാൾ

### 2023 നവംബർ 29 മുതൽ ഡിസംബർ 8 വരെ

**2023 നവംബർ 29 ബുധൻ**

5.15pm : *തിരുനാൾ കൊടിയേറ്റ്*

തുടർന്ന് ദിവ്യബലി, പ്രസംഗം, നൊവേന

**എല്ലാ ദിവസവും വൈകിട്ട് 5-ന് ജപമാല**

**5.30 pm : ദിവ്യബലി, പ്രസംഗം, നൊവേന**

**2023 ഡിസംബർ 7**

: **പട്ടണപ്രദക്ഷിണം, നടതുറക്കൽ**

**2023 ഡിസംബർ 8 വെള്ളി-തിരുനാൾ ദിനം**

7.00 am : **ദിവ്യബലി**

9.00 am : **ദിവ്യബലി, ഗ്രിഗോറിയൻ ക്രമത്തിൽ**

1.30 pm : **മരിയൻ തീർത്ഥാടനറാലി**

2.30 pm : **ആഘോഷമായ തിരുനാൾ ദിവ്യബലി**

**അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ്**

5.00 pm : *ദിവ്യകാരുണ്യ പ്രദക്ഷിണം.*

Diocese of Vijayapuram
CIRCULAR LETTER
VOL. XVIIII • NO.3 • OCTOBER 2023

### സാർവ്വദേശീയ സുവിശേഷവത്ക്കരണ ഞായർ

# ദൈവം ദാഹിക്കുന്നു- സ്നേഹത്തിനായി

ക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ബഹു. സന്യസ്തരേ, വൈദികരേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,

തന്റെ സ്നേഹം പങ്കുവയ്ക്കാനാണല്ലോ ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യരെ സൃഷ്ടിച്ചത്. മനുഷ്യന്റെ പതനത്തിന് ശേഷം മനുഷ്യനെ സ്വന്തമാക്കാൻ ദൈവം പദ്ധതികൾ തയാറാക്കിയതിന്റെ തെളിവാണ് അവിടുന്ന് വിശ്വാസത്തിന്റെ പിതാവായ അബ്രഹാമിനെ വിളിക്കുന്നത്. കർത്താവ് അബ്രാമിനോട് അരുളിച്ചെയ്തു: "നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോവുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്തമമാക്കും. അങ്ങനെ നീ ഒരനുഗ്രഹമായിരിക്കും." (ഉല്പത്തി 12/1-2). ഈജിപ്തിലെ അടിമത്വത്തിൽ കഴിഞ്ഞ ദൈവജനത്തെ രക്ഷിക്കാനാണല്ലോ ദൈവം മോശയെ വിളിച്ചത്. "ദൈവം അവരുടെ ദീനരോദനം ശ്രവിക്കുകയും അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും ചെയ്ത ഉടമ്പടി ഓർമിക്കുകയും ചെയ്തു. അവിടുന്ന് അവരെ കടാക്ഷിച്ചു." (പുറപ്പാട് 2:24).

അതിനെത്തുടർന്ന് ദൈവം മോശയോട് പറഞ്ഞു: "ഇതാ, ഇസ്രായേൽ മക്കളുടെ നിലവിളി എന്റെയടുത്ത് എത്തിയിരിക്കുന്നു. ഈജിപ്തുകാർ അവരെ എപ്രകാരം മർദിക്കുന്നുവെന്നു ഞാൻ കണ്ടു. ആകയാൽ വരൂ, ഞാൻ നിന്നെ ഫറവോയുടെ അടുക്കലേക്ക് അയക്കാം. "നീ എന്റെ ജനമായ ഇസ്രായേൽ മക്കളെ ഈജിപ്തിൽനിന്നു പുറത്തുകൊണ്ടുവരണം." (പുറ.3/9-10) ദൈവജനത്തിന്റെ മോചനത്തിന് വേണ്ടിയുള്ള പദ്ധതികളാണല്ലോ പഴയനിയമത്തിൽ നാം കാണുന്നത്.

ദൈവം തന്റെ രക്ഷാകര പദ്ധതികളുടെ പൂർത്തീകരണവും സാക്ഷാത്ക്കാരവും നിറവേറ്റുന്നത് തന്റെ ഏകജാതനിലൂടെയാണെന്നു പുതിയ നിയമവും വ്യക്തമാക്കുന്നു. "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." (യോഹ.3/16).

യേശുനാഥന്റെ ഈ ലോക ജീവിതവും പ്രവർത്തികളും ദൈവം മനുഷ്യരെ എത്രമാത്രം സ്നേഹിക്കുന്നുവെന്നു ബോധ്യപ്പെടുത്തുകയായിരുന്നു. അവസാനം കുരിശിൽ കിടന്നുകൊണ്ട് അവിടുന്ന് യാചിക്കുന്നു : "അനന്തരം എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് തിരുവെഴുത്തു പൂർത്തിയാകാൻ വേണ്ടി യേശു പറഞ്ഞു: എനിക്കു ദാഹിക്കുന്നു." (യോഹ.19/28). യേശു ദാഹിച്ചത് മനുഷ്യരുടെ സ്നേഹത്തിനുവേണ്ടിയാണ്. ഉത്ഥാനാനന്തരം യേശു തന്റെ ശിഷ്യർക്കു നൽകിയ ദൗത്യം സ്നേഹത്തിന്റെ പ്രേഷിത ശുശ്രൂഷ തുടരാനാണ് 'ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും." (മത്തായി 28:19-20) ശിഷ്യന്മാർ നൂറു ശതമാനം തങ്ങളുടെ പ്രേഷിതദൗത്യം നിറവേറ്റിയതുകൊണ്ടാണല്ലോ സഭ ലോകമെങ്ങും വ്യാപിച്ചത്. എന്നാൽ ഇന്നും ലോകത്ത് അനേകം പേർ വചനത്തിനായി, സ്നേഹത്തിനായി ദാഹിക്കുന്നു.

യഥാർത്ഥ സ്നേഹം എന്താണെന്നു അറിയാതെ ഉഴലുന്നവരോട് നാം അനുകമ്പ കാണിക്കണം. ഇടയാനില്ലാത്ത ആടുകളെ പോലെ അലയുന്ന മനുഷ്യരെ കണ്ടപ്പോൾ യേശുനാഥൻ അനുകമ്പ കാട്ടിയതുപോലെ, എനിക്ക് ദാഹിക്കുന്നു എന്ന ക്രൂശിതന്റെ കരച്ചിൽ കൽക്കട്ടയിലെ വിശുദ്ധ തെരേസയ്ക്ക് ഒരു പുത്തൻ സമർപ്പിത ജീവിതത്തിനു പ്രചോദനമേകിയതുപോലെ ദൈവത്തിന്റെ ദാഹം ശമിപ്പിക്കാൻ നമുക്കും സന്നദ്ധരാവാം.

**ദിവ്യകാരുണ്യത്തിൽ നിന്ന് ഊർജം തേടാം**

യേശുവിന്റെ ഉത്ഥാനത്തിന് ശേഷമുള്ള പ്രഥമബലിയുടെ പശ്ചാത്തലത്തിലാണല്ലോ പരിശുദ്ധ ഫ്രാൻസിസ് പാപ്പ ഈ വർഷത്തെ മിഷൻ ഞായറാഴ്ച്ചയുടെ സന്ദേശം നൽകിയിരിക്കുന്നത്.(ലൂക്ക.24/32-33). ജ്വലിക്കുന്ന ഹൃദയവുമായി അവർ ജെറുസലേമിലേക്കു തിരിച്ചുപോയതുപോലെ ആത്മാവാകുന്ന തീക്കനലുമായി വചനപ്രഘോഷണം നടത്തുവാനുള്ള ശക്തി നമുക്ക് ലഭിക്കുന്നുന്നത് പ. കുർബാനയിൽ നിന്നു

മാണ്. ത്രീതൈക ദൈവത്തെ ആരാധിച്ചുകൊണ്ട് ദിവ്യകാരുണ്യ സന്നിധിയിൽ നാം വ്യാപരിക്കുമ്പോൾ സ്വർഗീയ അനുഭൂതിയുടെ മുന്നാസ്വാദനമാണ് നമുക്ക് കൈവരുന്നത്. ആത്മാവിന്റെ അപ്പമായ ദിവ്യകാരുണ്യം ദൈവീകവരങ്ങളാൽ നമ്മെ സമ്പന്നരാക്കും. ആത്മീയ അഭിഷേകം സിദ്ധിച്ചവർ അത് മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ തയ്യാറാകുമ്പോഴാണ് യഥാർത്ഥത്തിൽ മിഷനറിമാരാകുന്നത്.

നമ്മുടെ ഇടവകകളിലും മേഖലകളിലും വളരെ സജീവവും ക്രീയാത്മകവുമായി ദിവ്യകാരുണ്യ കോൺഗ്രസ്സുകൾ നടക്കുന്നതിന്റെ ഫലമായി ദിവ്യകാരുണ്യ ഭക്തിയിൽ നാം വളർച്ച പ്രാപിക്കുന്നതായി മനസ്സിലാക്കുന്നു. ദിവ്യകാരുണ്യം ദൈവത്തിന്റെ സമ്പൂർണ സ്നേഹത്തിന്റെ തെളിവാണ്. സഭയുടെ സുവിശേഷവത്കരണ ദൗത്യത്തിൽ നാം ഭാഗഭാക്കാവുമ്പോൾ നാം ദൈവത്തോട് കാണിക്കുന്ന സ്നേഹത്തിന്റെ പ്രതിഫലനമായിരിക്കും. നമ്മുടെ ജീവിത സാക്ഷ്യം കൊണ്ടും, അനേകം പേരെ മിഷൻ പ്രവർത്തനത്തിന് വിളിക്കണമേയെന്നു പ്രാർത്ഥിച്ചുകൊണ്ടും സഭയുടെ മിഷൻ പ്രവർത്തനത്തെ സഹായിക്കുവാൻ ഉദാരമായി സംഭാവന ചെയ്തുകൊണ്ടും നമുക്കു മിഷൻ ചൈതന്യത്തിൽ വളരാം. മിഷനറിമാരാൽ പടുത്തുയർത്തപ്പെട്ട രൂപതാ മക്കളെന്നനിലയിൽ നാം വളരെ ആത്മാർത്ഥമായി മിഷൻ ഞായർ ആഘോഷിക്കുന്നുണ്ടല്ലോ. പ്രളയത്തിനോ മഹാമാരിക്കോ നമ്മുടെ ആവേശത്തെ കെടുത്തുവാൻ കഴിഞ്ഞില്ല. നമ്മുടെ എല്ലാ പരിപാടികളും സുവിശേഷവത്ക്കരണത്തിന് സഹായകമാകണം. നമ്മുടെ മക്കളിൽ സുവിശേഷവത്കരണത്തിന്റെ തീജ്വാല ആളിപടരുവാൻ ആത്മാർത്ഥമായി യത്നിക്കുന്ന നമ്മുടെ എല്ലാ അച്ചന്മാരെയും സന്യസ്തരെയും എല്ലാ ഇടവക മക്കളേയും ഹൃദയംഗമമായി അഭിനന്ദിക്കുകയും ഈ പ്രാവശ്യവും കൂടുതൽ തീവ്രമായി പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഇതിനായി ലഭിക്കുന്ന തുക 2024 ജനുവരി 31ന് മുൻപായി കൂരിയായിൽ എത്തിക്കേണ്ടതാണ്.

ഏവരെയും പരി. വിമലഗിരി മാതാവിന്റെ തൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിച്ചു കൊള്ളുന്നു.

കോട്ടയം
21-10-2023

**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
*വിജയപുരം മെത്രാൻ*

---

*NB:*

1. ഈ സർക്കുലർ 29/10/2023 ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# ദൈവവചനത്തിൽ വിടരുന്ന ദിവ്യബലി

മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു- കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം. (യോഹ.1:14). അവന്റെ പൂർണതയിൽ നിന്ന് നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു. (യോഹ. 1:16). യോഹന്നാൻ വെളിപ്പെടുത്തുന്ന ഈ ദിവ്യകുർബാനയുടെ മുൻപിൽ വിസ്മയം പൂണ്ട് നിൽക്കുവാനല്ലാതെ നമുക്കു സാധിക്കുകയില്ല! "വിശുദ്ധ കുർബാന ക്രൈസ്തവ ജീവിതത്തിന്റെ ഉറവിടവും അത്യുത്വസ്ഥാനവുമാണ്. (L.G.11) സഭയുടെ ആദ്ധ്യാത്മിക സമ്പത്തു മുഴുവൻ-നമ്മുടെ പെസഹാ കുഞ്ഞാടായ ക്രിസ്തു- കുർബാനയിൽ അടങ്ങിയിരിക്കുന്നു (PO.5)- വത്തിക്കാൻ കൗൺസിൽ വിശ്വാസികളെ പ്രബോധിപ്പിക്കുന്നു. യുവജന മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു: ലിറ്റർജിയുടെ ലിറ്റർജി- അന്തിമ അത്താഴത്തിലെ ആത്മദാനം- ആഘോഷിക്കുവാൻ ശിഷ്യന്മാരെ ഊട്ടുശാലയിൽ യേശു സമ്മേളിപ്പിച്ചു. ലിറ്റർജിയിലേക്ക് നമ്മെ വിളിക്കുന്ന സഭ. "എന്റെ ഓർമ്മയ്ക്കായി ഇതുചെയ്യുവിൻ." (1 കൊറി 11:24) എന്ന കല്പന അനുസരിക്കുകയാണ് ചെയ്യുന്നത്.

ഞായറാഴ്ച കുർബാനയില്ലാതെ ഞങ്ങൾക്കു ജീവിക്കാനാവില്ല. ക്രിസ്ത്യാനി കുർബാനയ്ക്കുവേണ്ടിയും കുർബാന ക്രിസ്ത്യാനിക്കുവേണ്ടിയും നിലനിൽക്കുന്നുവെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ? സത്തൂർണിയൂസ് (305) എന്ന രക്തസാക്ഷി ഓർമ്മിപ്പിക്കുന്ന, വിശുദ്ധ കുർബാനയുടെ മുന്നാസ്വാദനങ്ങൾ ദൈവവചനത്തിൽ നിന്നും വായിച്ചെടുക്കാനുള്ള ശ്രമമാണ് ഈ വിചിന്തനം. വിശുദ്ധ കുർബാനയുടെ രണ്ടാവിഷ്ക്കാരണങ്ങളായ ബലിയും അപ്പവും തിരുവചനതാളുകളിൽ വിരചിതമായിരിക്കുന്നതാണ് നമ്മുടെ ചർച്ചാവിഷയം.

**1. ബലി അനുഭവങ്ങൾ**

ദിവ്യബലിയുടെ (പേര് സൂചിപ്പിക്കുന്നതുപോലെ) ഹൃദയത്തിൽ നിൽക്കുന്നത് ബലി അനുഭവമാണ്. കടിഞ്ഞൂൽ ആട്ടിൻകുട്ടിയെ ബലിയർപ്പിക്കുന്ന ആബേലും-പിന്നീട് ബലിയാടായിതീരുന്ന ആബേലും, ഉൽപത്തി പുസ്തകത്തിലെ (ഉൽപത്തി 4:4.8) ദിവ്യബലിയുടെ ആദ്യ ഓർമ്മകളിൽ ഒന്നാണ്. ആട്ടിടയനായ ആബേൽ നല്ലിടയനായ യേശുവിന്റെ പ്രതിരൂപമായിത്തീരുന്നതും, ആബേൽ തന്നെ വധിക്കപ്പെടുന്നതും ബൈബിളിലെ ആദ്യബലി തന്നെ.

നീതിമാനായ നോഹ ബലിപീഠം നിർമ്മിച്ച് ശുദ്ധമൃഗത്തെ തിരഞ്ഞെ

ടുത്ത് ബലിയർപ്പിക്കുന്നതും തുടർന്ന്, നോഹയുമായി ദൈവം ഉടമ്പടി സ്ഥാപിക്കുന്നതും (ഉൽപ. 7:20; 9:11) നിത്യ ഉടമ്പടിയായി മാറുന്ന യേശുവിന്റെ ബലിയിലേക്ക് വെളിച്ചം വീശുന്നു.

താൻ സ്നേഹിക്കുന്ന തന്റെ ഏകജാതൻ ഇസഹാക്കിനെയുംകൂട്ടി, തീയും കത്തിയും വിറകും തോളിലേറ്റി മോറിയമല കയറുന്നതും, മുൾപ്പടർപ്പിൽ കുരുങ്ങികിടന്ന കുഞ്ഞാടിനെ ബലിയർപ്പിക്കുന്ന അബ്രഹാമും (ഉൽപ 22;1-18), തന്റെ ഏകജാതനെ നൽകാൻ തക്കവണ്ണം ലോകത്തെ അത്രമാത്രം സ്നേഹിച്ച ദൈവത്തിന്റെ ബലികുർബാനയിലെ തീക്കനലിനെ ആളികത്തിക്കുന്നു.

കുർബാന മേശയിലെ കെടാവിളക്കാണ് പുറപ്പാട് പുസ്തകത്തിലെ (12:1-51) പെസഹാ ആചരണം. യേശുക്രിസ്തു കുർബാന സ്ഥാപിച്ചത് ഒരു പെസഹാ രാത്രിയുടെ അരണ്ട വെളിച്ചത്തിലാണ് എന്ന് ധ്യാനിക്കുമ്പോൾ പെസഹാ ആചരണത്തിന്റെ അഗ്നിസ്തംഭം എത്രമാത്രം വിശുദ്ധ കുർബാനയിൽ തെളിയുന്നു എന്നു കാണാം. ഒരു വയസ്സുള്ളതും-ഊനമറ്റതുമായ പെസഹാക്കുഞ്ഞാടിനെ വധിക്കുന്നതും - രക്തം കട്ടിളപ്പടിയിൽ തളിക്കുന്നതും- പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കുന്നതും-മരണദൂതനിൽ നിന്ന് ഇസ്രായേയിലെ ആദ്യജാതർ രക്ഷിക്കപ്പെടുന്നതും-ഇസ്രായേൽ ജനത്തിന്റെ പുറപ്പാടിന്റെ തുടക്കമാകുന്നതും-കുർബാനയുടെ ഉൾക്കാഴ്ചയെ വെളിപ്പെടുവാൻ ഇടയാക്കുന്നു.

ആബേലിന്റെ ബലിയും ഇസഹാക്കിന്റെ ബലിയും കാൽവരി ബലിയിലേക്കു വീശുന്ന വെളിച്ചം- ആദിയും അന്തവുമില്ലാത്ത ആൽഫായും ഒമേഗായുമാകുന്ന- നിത്യബലിയുടെ വിശദീകരണങ്ങളായി നിൽക്കുന്നു. ദൈവവും ദൈവജനവും ബലിയായി മാറിയ ഇസ്രായേലിന്റെ ജീവിതം- ക്രിസ്തുവിന്റെ ബലി തുടരുന്ന ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ കുർബാനയുടെ മുന്നനുഭവങ്ങളാകുന്നു. ചരിത്രത്തിന്റെ ഒരു നിമിഷത്തിൽ അർപ്പിച്ച ബലിയല്ല-നിത്യതയോളം എത്തുന്ന ദിവ്യബലി- കാൽവരിബലി.

**2. അപ്പമായ കുർബാന**

അപ്പത്തോളം അന്നത്തോളം മനുഷ്യനിൽ കൃതജ്ഞത (Eucharistia), കുർബാന നിറയ്ക്കുന്ന ഒരു സൂചകമില്ല- അന്നത്തിനുമുൻപിൽ വിശക്കുന്നവൻ കൈകൂപ്പി നിൽക്കും. അബ്രഹാം ശത്രുക്കളെ പരാജയപ്പെടുത്തി വരുമ്പോൾ, സാലെം രാജാവായ മെൽക്കിസദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്ന് ആശീർവദിക്കുന്നത് (ഉൽപ. 14:18-20) കുർബാന പ്രതീകങ്ങളിൽ വളരെ ശക്തമായ സൂചനയാണ്. മെൽക്കിസദേക്കിന്റെ ക്രമപ്രകാരം നിത്യ പുരോഹിതനായ ക്രിസ്തു അപ്പമുയർത്തി 'എന്റെ ശരീരമാണ് എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ' (ലൂക്ക 21:19) എന്ന് പറയുമ്പോൾ കുർബാന അൾത്താര പ്രകാശ പൂരിതമാകുന്നു.

അബ്രഹാം മാമ്രേയുടെ ഓർക്കുമരത്തോപ്പിനു സമീപം മൂന്നു ദൈവപുരുഷന്മാരെ (പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകൾ-പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്- സഭാപിതാക്കന്മാരുടെ വ്യാഖ്യാനം) എതിരേൽക്കുന്ന

സംഭവം അൾത്താരമേശകൾക്കു പിന്നിൽ പ്രകാശിക്കുമ്പോൾ-ദൈവപുരുഷന്മാരെ താണുവണങ്ങുന്ന-അപ്പം ഉണ്ടാക്കാൻ ഓടുന്ന-വിരുന്നു വിളമ്പി അവരെ സംതൃപ്തരാക്കുന്ന-അനുഗ്രഹം പ്രാപിക്കുന്ന (ഉൽപ 18:1-15) സംഭവം ജീവന്റെ അപ്പം വിളമ്പുന്ന ദിവ്യ അൾത്താരയിൽ അത്ഭുതശോഭ പരത്തുന്നു.

ഹാഗാർ വീടുവിട്ടിറങ്ങുമ്പോൾ, അബ്രഹാം അതിരാവിലെ ഉണർന്ന്, അപ്പവും വെള്ളവും തോളിൽ വച്ച് കൊടുത്ത് യാത്രയാക്കുന്നതും, അബ്രഹാം കൊടുത്തുവിട്ട അപ്പം കഴിച്ച് കഴിഞ്ഞിരുന്നു കരയുന്ന ഹാഗാറും ഇസ്മായേലും, ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് ആശ്വസിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നത്, ദിവ്യബലിയിലെ അനുദിനാനുഭവത്തിന്റെ സൂചനയാണ് (ഉൽപ 21:14-19).

വിശുദ്ധ കുർബാനയപ്പത്തിന്റെ ഏറ്റവും തേജോമയമായ സംഭവം, മരുഭൂമിയാത്രയിൽ ആകാശത്തുനിന്നു അപ്പം വർഷിക്കുകയും (പുറ. 16:4) ജനം കർത്താവിന്റെ മഹത്വം ദർശിക്കുകയും ചെയ്ത- മന്ന സംഭവമാണ് (പുറ. 16:7). "അങ്ങയുടെ ജനത്തിന് ദൈവദൂതന്മാരുടെ അപ്പം അങ്ങ് നൽകി- അവരുടെ അദ്ധ്വാനം കൂടാതെ തന്നെ" (ജ്ഞാനം 16:20). പ്രവാചകൻ വിളിച്ചുപറഞ്ഞു. "സൗജന്യമായി വാങ്ങികൊള്ളുക. നന്നായി ഭക്ഷിക്കുകയും വിശിഷ്ടഭോജ്യങ്ങൾ ആസ്വദിക്കുകയും ചെയ്യുക (എശ. 55:1-2). കുർബാനയെപറ്റിയുള്ള പ്രബോധനത്തിൽ യേശു, ശിഷ്യന്മാരെ, "ആകാശത്തുനിന്നു പെയ്ത മന്നയെപ്പറ്റിയും" "സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ജീവനുള്ള അപ്പത്തെപ്പറ്റിയും" പറയുമ്പോൾ കുർബാനയെന്ന "ജീവന്റെ അപ്പം." "ഞാൻ വന്നിരിക്കുന്നത് നിങ്ങൾക്ക് ജീവനുണ്ടാകാനും, അത് സമൃദ്ധമായി ഉണ്ടാകാനുമാണ്." (യോഹ 10:10): പ്രകാശിതമാകുന്നു. ദിവ്യകാരുണ്യത്തിന്റെ ആഴവും പരപ്പും വെളിപ്പെടുത്തുന്നു.

ഏലിയ ജീവരക്ഷാർത്ഥം ഓടി കർത്താവിന്റെ മലയായ ഹോറെബിൽ എത്താതെ, വഴിയിൽ തളർന്നുറങ്ങുമ്പോൾ, ഏലിയായെ വിളിച്ചെഴുന്നേൽപ്പിക്കുന്ന കർത്താവിന്റെ ദൂതൻ, "എഴുന്നേറ്റ് ഭക്ഷിക്കുക -അല്ലെങ്കിൽ യാത്ര ദുഷ്ക്കരമാകും" എന്നു പറയുമ്പോൾ ജീവൻ നൽകുന്ന കുർബാനയപ്പത്തിന് പുതിയ അർത്ഥതലങ്ങളുടെ വാതായാനം തുറക്കപ്പെടുന്നു.

**പുതിയ നിയമം ചൂണ്ടിക്കാണിക്കുന്ന കുർബാന**

യേശുവിനെ ചൂണ്ടിക്കാണിച്ച സ്നാപകയോഹന്നാൻ യഥാർത്ഥത്തിൽ കുർബാനയെ ചൂണ്ടിക്കാട്ടുന്നു. "ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ.1:29). കുർബാനയെപ്പറ്റി പഠിപ്പിക്കുന്ന യേശു, അന്ത്യത്താഴവേളയിൽ യേശുവിന്റെ മാർപ്പിൽ ചാരിക്കിടന്ന, യേശു സ്നേഹിച്ച, യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രത്യേകതയാണ്. പെസഹാതിരുന്നാൾ അടുത്തനാളിൽ മലമുകളിൽ കയറിയിരുന്നു തന്റെ ചുറ്റും കൂടിയവർക്കുവേണ്ടി അഞ്ചപ്പത്തിൽ നിന്ന് അയ്യായിരങ്ങളെ ഊട്ടുമ്പോൾ, ബാക്കി വന്നവ നഷ്ടപ്പെടാതെ ശേഖരിക്കാൻ പറയുമ്പോൾ കുർബാന

യുടെ ഒരുകാലം (Season of Eucharist) ഉദ്ഘാടനം ചെയ്യപ്പെട്ടു (യോഹ. 6:1-15), സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവന്റെ അപ്പം ഞാനാണ്- ഈ അപ്പത്തിൽ നിന്ന് ഭക്ഷിച്ചാൽ എന്നേയ്ക്കും ജീവിക്കും- ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്- ഒരു കുർബാനകാലം പെയ്തിറങ്ങി.

പെസഹാ രാത്രിയിൽ അപ്പം മുറിച്ചതിന്റെ ഹൃദയസ്പർശിയായ സംഭവം സമാന്തര സുവിശേഷങ്ങൾ വിവരിക്കുമ്പോൾ, കാൽ കഴുകി സ്നേഹത്തിന്റെ കൂദാശ സ്ഥാപിക്കുന്ന ക്രിസ്തു, തുടർന്ന് ദിവ്യബലി യുടെ അർത്ഥതലങ്ങൾ വെളിപ്പെടുത്തുന്നു. കെദ്രോൻ അരുവിയുടെ തീര ത്തുള്ള ഗത്സമെൻ തോട്ടത്തിൽ രക്തം വിയർത്തു പ്രാർത്ഥിക്കുന്നതോടെ യേശുവിന്റെ "ദിവ്യബലി" ആരംഭിക്കുന്നു. പെസഹാ കുഞ്ഞാടു വധിക്ക പ്പെടേണ്ട രാത്രിയിൽ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാ ടിന്റെ ബലി ആരംഭിച്ചു. കാൽവരി മലയുടെ മുകളിൽ 'എല്ലാം പൂർത്തി യായി' എന്നു പ്രഖ്യാപിച്ചുകൊണ്ട് "ദിവ്യബലി സമാപിച്ചു" എന്നു പ്രഖ്യാ പിക്കുന്ന യേശുക്രിസ്തു എല്ലാത്തിന്റെയും പൂർണ്ണതയായ, എല്ലാത്തി നെയും പൂർത്തിയാക്കുന്ന നിത്യബലി അർപ്പിച്ചു.

മരണത്തിൽ തീരാത്ത നിത്യബലി, ഗലീലി തീരത്തു നഷ്ടപ്പെട്ടുപോയ ശിഷ്യന്മാർക്കു നൽകുമ്പോൾ (യോഹ. 21) സഭയ്ക്കു തുടക്കമാകുന്നു. സഭ വീണ്ടും വിളിച്ചുപറയുന്നു. "വന്നു പ്രാതൽ കഴിക്കുവിൻ." 'എമ്മാവൂ സിലേക്കുപോയ ശിഷ്യന്മാർ കുർബാന സ്വീകരിച്ചപ്പോൾ "ആളിക്കത്തുന്ന തീയുമായി" ആദ്യകുർബാനയുടെ നഗരമായ ജെറുസലേമിലേക്ക് മടങ്ങി യെത്തി (ലൂക്ക. 24:13-35). വെളിപാടിന്റെ പുസ്തകത്തിൽ യോഹന്നാൻ കണ്ട ദിവ്യകുഞ്ഞാടിന്റെ വിരുന്നിന് ക്ഷണിക്കപ്പെടാനുള്ള യോഗ്യത ക്രിസ്തുവിന്റെ കുർബാന വിശ്വസിക്കു നൽകുന്നു. വിശുദ്ധരുടെ മന്ന- മാലാഖമാരുടെ അപ്പം ഇന്നും വിളമ്പുന്നു, ദിവ്യ അൾത്താരയിൽ, ദിവ്യ ബലിയായി.'

## PRAYER FOR THE HOLY SOULS IN PURGATORTY

"Receive in tranquility and peace,
O Lord, the souls of Thy servants,
who have departed this present life to come to Thee.
Grant them rest and place them
in the habitations of Light,
the abodes of blessed spirits.
Give them the life that will not age.,
good things that will not pass away,
delight that have no end,
through Jesus Christ our Lord." *Amen*

# ഏഴു സംജ്ഞകളിലൂടെ

ഫാ. ജോസ് നവസ്

***പ്രധാനമായും ഏഴു സംജ്ഞകളിലൂടെയാണ് ദിവ്യകാരുണ്യത്തെ നമുക്ക് അറിയാനാവുക.***

**a. യൂക്കരിസ്റ്റ് :** കൃതജ്ഞത എന്നർത്ഥമുള്ള ഗ്രീക്ക് പദത്തിൽ നിന്നാണ് യൂക്കരിസ്റ്റ് എന്ന പേര് ദിവ്യകാരുണ്യ കൂദാശക്ക് ഉണ്ടായത്. നിരന്തരം ദൈവത്തിന് ക്രിസ്തുവിനെ പ്രതിയും ക്രിസ്തുവിനോടു ചേർന്നും കൃതജ്ഞതയർപ്പിക്കുന്നവനാണ് ക്രൈസ്തവൻ. കൃതജ്ഞതയാൽ നിറയുമ്പോൾ മനുഷ്യന് എല്ലാം അനുഗ്രഹമായി അനുഭവപ്പെടും. അവിടയാണ് സ്നേഹം പുലരുക, രക്ഷയും സംതൃപ്തിയും സായൂജ്യവും അനുഭവവേദ്യമാവുക.

**b. കൂദാശ:** വാക്കുകളിലൂടെയും പ്രതീകങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും ദൈവാനുഭവം പകരുന്ന കൂദാശകൾ ഇന്ദ്രീയഗോചരമായവയിലൂടെ രഹസ്യത്തെ (ദൈവം, സ്നേഹം, രക്ഷ, സ്വർഗ്ഗം, ജീവൻ ) അറിയാനും അനുഭവിക്കാനും സാധിക്കുന്നു കൂദാശാനുഭവത്തിൽ' സാധിക്കുന്നതിനെ സൂചിപ്പിക്കുകയും സൂചിപ്പിക്കുന്നതിനെ സാധിക്കയും ചെയ്യുന്നു. കൂദാശകളിലൂടെ. ദിവ്യകാരുണ്യ കൂദാശയിൽ നാമർപ്പിക്കുന്ന നശ്വരമായ അപ്പത്തിലൂടെ അനശ്വരമായ, നിത്യജീവനേകുന്ന സ്വർഗ്ഗീയ അപ്പത്തെ കാണാനും അനുഭവിക്കാനും സാധിക്കുന്ന കൂദാശകളുടെ മകുടമായ ദിവ്യകാരുണ്യം എന്നു. കൂദാശവഴി ഒരു കൂദാശാ ചിന്താഗതി നമ്മിൽ ഉടലെടുക്കുന്നു. പ്രപഞ്ചത്തിൽ നിന്നെടുത്ത അപ്പത്തിൽ ദൈവത്തെ ദർശിക്കുന്ന നമുക്ക് പ്രപഞ്ചത്തിലെങ്ങും നിറഞ്ഞിരിക്കുന്ന ദൈവസാന്നിദ്ധ്യവും ദൈവസ്വരവും ദൈവപ്രവർത്തനവും തിരിച്ചറിഞ്ഞ് ദൈവാരാധനയിൽ മുഴുകാൻ സാധിക്കുന്നു.

**c. ബലി:** ദൈവം മനുഷ്യനേകുന്ന സനാതനബലി (ക്രിസ്തു: യോഹ. 3:16) യാണ് ദിവ്യബലി. നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി മനുഷ്യനായവതരിച്ച ദൈവപുത്രനായ യേശുക്രിസ്തു തന്നെത്തന്നെയർപ്പിക്കുന്നു ദിവ്യബലിയിൽ. അങ്ങനെ ദൈവത്തിന്റെ സ്നേഹം ഏറ്റം വെളിപ്പെടുത്തുന്ന, ദൈവേഷ്ടം പൂർണ്ണമായി വെളിപ്പെടുത്തുന്ന (ഫിലി. 2-5) യേശുവിന്റെ ബലിയിൽ പങ്കുചേർന്ന് മനുഷ്യൻ തന്നെത്തന്നെയും തനിക്കുള്ളതിനെയും ബലിയായി അർപ്പിക്കുന്നു. ദിവ്യബലിയിൽ ബലിയർപ്പിക്കുമ്പോൾ അർപ്പിക്കപ്പെടുന്നത് ദൈവികമായി മാറുന്നു. അതിലൂടെ മനുഷ്യൻ ദൈവകൃപയാൽ നിറയുന്നു. ദൈവം മനുഷ്യനാലും മനുഷ്യൻ ദൈവത്തിനാലും മഹത്വീകരിക്കപ്പെടുന്നു. ദിവ്യബലിയിലെ കാഴ്ചവയ്പിൽ മനുഷ്യൻ ദൈവത്തിന് ബലിയർപ്പിക്കുന്നു. ദിവ്യകാരുണ്യ

സ്വീകരണത്തിൽ ദൈവം മനുഷ്യന് തന്നെത്തന്നെ ബലിയായി നൽകുന്നു.

d. **വിരുന്ന് :** ദൈവം മനുഷ്യനേകുന്ന വിരുന്നുകളുടെയും (ഉദാ. മന്ന, കാടപ്പക്ഷി, യേശു അപ്പം വർദ്ധിച്ചത്, പ്രാതൽ ഒരുക്കിയത്) മനുഷ്യൻ ദൈവത്തിനേകുന്ന വിരുന്നുകളുടെയും (അബ്രഹാം, മത്തായി, സക്കേവൂസ്, ഫരിസേൻ, മർത്ത) ചരിത്രമാണ്, രക്ഷാകരചരിത്രം. വിരുന്നിലും സംതൃപ്തിവരുന്നു. സമൃദ്ധിവരുന്നു. ഐശ്വര്യം വരുന്നു. സ്നേഹവും സന്തോഷവും അനുഭവവേദ്യമാകുന്നു. പങ്കുവയ്ക്കലും ശുശ്രൂഷയും നടത്തപ്പെടുന്നു. ദിവ്യകുർബാനയിൽ ദൈവം മനുഷ്യന് വിരുന്നുകാരനും, വിരുന്നേകുന്നവനും വിരുന്നും (ഇതെന്റെ ശരീരം, വാങ്ങി ഭക്ഷിക്കുവിൻ ആയി മാറുന്നു.) വിരുന്നിലൂടെ ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ തമ്മിൽ തമ്മിലുള്ള ബന്ധം ദൃഢപ്പെടുന്നു; ആഘോഷിക്കപ്പെടുന്നു; പ്രഘോഷിക്കപ്പെടുന്നു.

e. **ഉടമ്പടി :** ഉടമ്പടി ബലിയിലൂടെയാണ് ഉറപ്പിക്കപ്പെടുക. ദിവ്യബലി പഴയ ഉടമ്പടികളുടെ പൂർത്തീകരണവും പുതിയ (നവീനവും സനാതനുമായ) ഉടമ്പടിയുടെ ആഘോഷവും ആകുന്നു. അതിലൂടെ ദൈവവും മനുഷ്യരും തമ്മിലുള്ള ഉറച്ചബന്ധം സ്ഥാപിക്കപ്പെടുന്നു. ദൈവം നമ്മുടെ ദൈവവും നാം ദൈവത്തിന്റെ ജനവുമായി തീരുന്നു. അവിടെ ദൈവം നമ്മിലും നാം ദൈവത്തിലും വസിക്കുന്ന അനുഭവം സംജാതമാകുന്നു.

f. **സ്മാരകം :** “ഇതു നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ” എന്ന യേശുവിന്റെ കല്പനയാണ് (ലൂക്കാ 22: 19, കൊറി. 11: 24,25) ദിവ്യബലിയർപ്പണത്തിലൂടെ നിറവേറ്റപ്പെടുക. ഈ ഓർമ്മ വെറും മാനസികമായ ഓർമയല്ല അസ്തിത്വാത്മക ഓർമ്മയാണ്. അവിടെ നാം ഓർമ്മിക്കുന്ന ഇന്നലത്തെ സംഭവം നമ്മുടെ ഇന്നത്തെ അനുഭവമായി മാറുന്നു. നാം ഭാവന ചെയ്യുന്ന നാളത്തെ കാര്യം ഇന്നത്തെ യാഥാർത്ഥ്യമായി അനുഭവപ്പെടുന്നു. അന്ന് അവിടെ, അവർക്കുവേണ്ടി ജീവിച്ചവൻ ഇന്നിവിടെ നമുക്കുവേണ്ടി ജീവിക്കുന്ന അനുഭവം ഉണ്ടാകുന്നു. യേശുവിന്റെ മനുഷ്യാവതാരവും ജീവിതവും മരണവും ഉയിർപ്പുമെല്ലാം നമ്മുടെ ഇന്നത്തെ ജീവിതാനുഭവമായി മാറുന്നു ദിവ്യബലിയിലൂടെ.

g. **പെസഹാ :** ഈശോയിൽ വെളിപ്പെട്ട പരമമായ പെസഹായുടെ (അവിടുത്തെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും) ആചരണമാണ് ദിവ്യബലി. പെസഹാ ആചരണവേളയിലാണല്ലോ ഈശോ ദിവ്യബലിസ്ഥാപിച്ച് ദിവ്യകാരുണ്യം വെളിപ്പെടുത്തിയത്. ദിവ്യബലിയിലൂടെ നാം അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് അസത്യത്തിൽ നിന്നു സത്യത്തിലേക്ക്, മരണത്തിൽ നിന്ന് ജീവനിലേക്ക്, ശിക്ഷയിൽ നിന്നു രക്ഷയിലേക്ക്, അടിമത്വത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക്, ദുഃഖത്തിൽ നിന്ന് സന്തോഷത്തിലേക്ക്, രോഗത്തിൽ നിന്ന് ആരോഗ്യത്തിലേക്ക്, ശാപത്തിൽ നിന്ന് അനുഗ്രഹത്തിലേക്ക് കടന്നു വരുന്നു. കടന്നുപോക്കാണല്ലോ പെസഹാ.

# ദിവ്യകാരുണ്യം: സ്വീകാര്യമായ സമയം

**ഫാ. റ്റിജോ മറ്റുപ്പള്ളി**

2010 ഡിസംബർ മാസം ആഗമനകാലത്തിലെ മാസധ്യാനത്തിൽ ബഹുമാനപ്പെട്ട ജസ്റ്റിൻ പിൻഹീറോ അച്ചൻ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി നൽകിയ മാസധ്യാനത്തിന്റെ അടിസ്ഥാന വചനം കോറിന്തോസുകൾക്ക് എഴുതിയ 2-ാം ലേഖനം 6-ാം അദ്ധ്യായം 2-ാം വചനമായിരുന്നു. അവിടുന്ന് അരുൾ ചെയ്യുന്നു; "സ്വീകാര്യമായ സമയത്ത് ഞാൻ നിന്റെ പ്രാർത്ഥനകേട്ടു. രക്ഷയുടെ ദിവസത്തിൽ ഞാൻ നിന്നെ സഹായിക്കുകയും ചെയ്തു. ഇതാ ഇപ്പോൾ സ്വീകാര്യമായ സമയം. ഇതാ ഇപ്പോൾ രക്ഷയുടെ ദിവസം."

കേരള സഭ ദിവ്യകാരുണ്യ വർഷമായി ആചരിക്കുമ്പോൾ, ദിവ്യകാരുണ്യം സ്വീകാര്യമായ സമയമായി മാറുന്നതിനെ ധ്യാനിക്കാം. ജെറമിയ പ്രവാചകന്റെ പുസ്തകം 15-ാം അദ്ധ്യായം 19-ാം തിരുവചനത്തിലൂടെ കർത്താവ് അരുളിച്ചെയ്യുന്നു. "നീ തിരിച്ചു വന്നാൽ എന്റെ സന്നിധിയിൽ നിന്നെ പുനസ്ഥാപിക്കും." ദിവ്യകാരുണ്യവർഷാചരണം വീണ്ടും കർത്താവിനോടു കൂടെയായിരിക്കേണ്ടതിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നു.

ജനീവായിലെ വി. കാതറിൻ ഇപ്രകാരം പറയുന്നു. "ഞാൻ സക്രാരിയുടെ മുൻപിൽ ചിലവിട്ട നിമിഷങ്ങളാണ് എന്റെ ജീവിതത്തിലെ ഏറ്റവും നല്ല നിമിഷം." പരിശുദ്ധ കുർബാനയോടുകൂടി ജീവിതത്തെ ചേർത്തുവയ്ക്കുവാൻ നമുക്ക് സാധിക്കണം. എമ്മാവൂസ് അനുഭവത്തിൽ ശിഷ്യന്മാർ ഉത്ഥിതനായ ഈശോയോട് പറയുന്നതിപ്രകാരമാണ്. "ഞങ്ങളോടുകൂടെ താമസിക്കുക." കൂടെ വസിച്ച ഉത്ഥിതൻ അപ്പം എടുത്ത് ആശീർവദിച്ച് മുറിച്ച് കൊടുത്തപ്പോൾ അവരുടെ കണ്ണ് തുറക്കപ്പെട്ടു. ദിവ്യകാരുണ്യത്തിലൂടെ ഈശോയുമായി ഒന്നായിത്തീരുമ്പോൾ നമ്മുടെ ഉൾക്കാഴ്ചകൾ തെളിയുകയാണ്. ശിഷ്യൻമാരുടെ കണ്ണുകൾ തുറക്കപ്പെട്ടതുപോലെ ജീവിതത്തിന്റെ കെട്ടുകൾമാറി യഥാർത്ഥ പ്രകാശമായ ക്രിസ്തുവിലേക്ക് ജീവിതത്തെ സമർപ്പിക്കുവാൻ സാധിക്കുന്നു. "വിശുദ്ധ കുർബാനയിൽ നാം കർത്താവുമായി ഒന്നിക്കുന്നു. ഭക്ഷണം ശരീരവുമായി ഒന്നിക്കുന്നതുപോലെ" എന്ന് വി. ഫ്രാൻസിസ് ഡി. സാലസ് പറയുന്നു.' ആഴിയിൽ വീഴും ഒരു തുള്ളി വെള്ളം അലിഞ്ഞലിഞ്ഞൊന്നാകും പോലെ എന്ന് പാടുമ്പോൾ ക്രിസ്തുവുമായിള്ള ഒന്നായിത്തീരൽ ദിവ്യകാരുണ്യ

ത്തിൽ സംഭവിക്കുന്നു. എങ്കിൽ മാത്രമേ വി. പൗലോസ് അപ്പസ്തോലനെപ്പോലെ" എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണെന്ന് നമുക്ക് പറയാൻ സാധിക്കൂ. വി.യാക്കോബിന്റെ ലേഖനം 4-ാം അദ്ധ്യായം 8-ാം വാക്യം "ദൈവത്തോടെ ചേർന്നു നിൽക്കുവിൻ; അവിടുന്ന് നിങ്ങളോടും ചേർന്നു നിൽക്കും. കൽക്കട്ടയിലെ വി. തെരേസ സാക്ഷ്യപ്പെടത്തുന്നു." "നിങ്ങളുടെ ജീവിതം കുർബാനയ്ക്കുചുറ്റും നെയ്യപ്പെട്ടിരിക്കണം. നിങ്ങളുടെ കണ്ണ് കർത്താവിലേക്ക് തിരിക്കുക. അവിടുന്ന് പ്രകാശമാണ്." ദിവ്യകാരുണ്യം ജീവിതത്തിന്റെ കേന്ദ്രമായി മാറുമ്പോൾ ദൈവത്തിങ്കലേക്ക് ഒരു വ്യക്തി പരിവർത്തിതനാവുകയാണ്. ദിവ്യകാരുണ്യത്തോട് ചേർന്നു നിന്ന് ശക്തിയും കൃപയും സ്വീകരിക്കുന്നവരുടെ ജീവിതത്തിൽ പ്രതിസന്ധികളും പ്രശ്നങ്ങളും ഉണ്ടാകത്തില്ല എന്ന ചിന്തയേക്കാളുപരി, ഏത് പ്രതിസന്ധികളുണ്ടായാലും അതിനെ തരണം ചെയ്യുവാൻ ക്രൂശിതൻ തന്റെ ആണിയേറ്റ കരത്താൽ നമ്മെ മുറുകെപ്പിടിക്കും എന്ന വിശ്വാസബോധ്യമാണ് വലുത്.

വി. പാദ്രേ പിയോ പറയുന്നു. "ഒരായിരം വർഷം ലൗകികമായ യശസ്സിൽ ആനന്ദം കൊണ്ട് കഴിയുന്നതിനേക്കാൾ എത്രയോ മഹത്തരമാണ് ഒരു മണിക്കൂർ ദിവ്യകാരുണ്യത്തിലെ യേശുവുമായുള്ള മധുരമായ സഹനത്തിൽ കഴിയുന്നത്." ദിവ്യകാരുണ്യത്തോട് ചേർന്നിരിക്കുന്ന സമയം, നമ്മുടെ ജീവിതത്തിന്റെ രക്ഷയുടെ സ്വീകാര്യമായ സമയമായി മാറട്ടെ.

---

## പരേതരെ സ്മരിക്കാം – നവംബർ

| | | |
|---|---|---|
| 07 | (1984) | മോൺ. ജേക്കബ് വെള്ളരിങ്ങാട്ട് |
| 12 | (1981) | ഫാ. ബെനഡിക്റ്റ് ഒ.സി.ഡി. |
| 13 | (2007) | ഫാ. വിജിലിയൂസ് ചിരിയങ്കണ്ടത്തിൽ |
| 14 | (1996) | ഫാ. ജോവാക്കിം കണക്കൻചേരി |
| 23 | (2011) | ഫാ. ധർമ്മരാജ് എം. |
| 24 | (1931) | ഫാ. മരിയാൻ ഒ.സി.ഡി. |
| 25 | (2000) | ഫാ. ഫെലിചിസിമോ ദേ ഔരോ ബിൽബാവോ ഒ.സി.ഡി. |
| 29 | (2012) | ഫാ. പോൾ കാനാട്ട്. |

# ഹൃദയത്തിലേക്ക് നോക്കുന്ന ദൈവം

ലിജോ പുതുച്ചിറ, എരുമേലി

2022 മുതൽ 2025 വരെ കേരള കത്തോലിക്കാസഭ നവീകരണത്തിന്റെ കാലഘട്ടമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ഈ അവസരത്തിൽ ഏറ്റവും കൂടുതൽ നവീകരിക്കപ്പെടേണ്ടതും വിശുദ്ധീകരിക്കപ്പെടേണ്ടതും കുടുംബങ്ങളാണ് എന്ന തിരിച്ചറിവാണ് ഈ കുറിപ്പെഴുതാൻ എനിക്ക് പ്രേരണയാകുന്നത്.

കുടുംബങ്ങളെക്കുറിച്ച് അഗതികളുടെ അമ്മയായ മദർ തെരേസ പറഞ്ഞുവെയ്ക്കുന്നൊരു കാര്യമുണ്ട്. ‘കല്ലുകൊണ്ടും മണ്ണുകൊണ്ടും മാത്രം നിർമ്മിക്കപ്പെടുന്നതല്ല, മറിച്ച്, സ്നേഹംകൊണ്ട് നിർമ്മിക്കപ്പെടുന്ന കെട്ടിടത്തിലേക്ക് ദൈവം വന്ന് വസിക്കുമ്പോഴാണ് അത് കുടുംബമാകുന്നത്. ‘കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം. ഫ്രാൻസിസ് പാപ്പയുടെ അപ്പസ്തോലിക പ്രബോധനമായ സ്നേഹത്തിന്റെ ആനന്ദത്തിന്റെ (AMORIS LAETITIA) വെളിച്ചത്തിൽ വിലയിരുത്തുമ്പോൾ നമുക്ക് മനസിലാകുന്നത് നല്ല കുടുംബങ്ങളിൽ നിന്നുമാണ് നല്ല വ്യക്തികൾ രൂപപ്പെടുന്നത് എന്നാണ്. വൈദികരും സന്യസ്തരും മാത്രമല്ല, കൃഷിക്കാരും കച്ചവടക്കാരും, അധ്യാപകരും രാഷ്ട്രീയക്കാരുമെല്ലാം ജന്മം കൊള്ളുന്നത് കുടുംബങ്ങളിൽ നിന്നുമാണ്. ഒരു ശിശു മാതാവിന്റെ ഉദരത്തിൽ ഉരുവാകുമ്പോൾ മുതൽ ഒരു വ്യക്തിത്വത്തിന്റെ ആരംഭത്തിന് അവിടെ തുടക്കം കുറിക്കുന്നു. കുടുംബത്തിലെ  മാതാപിതാക്കളാണ് ആ കുഞ്ഞിന്റെ പ്രഥമ ഗുരുനാഥന്മാർ. തന്മൂലം, ഒരു വ്യക്തിയുടെ ജീവിതത്തിൽ അവന്റെ സ്വഭാവവും വ്യക്തിത്വവും നിർണ്ണയിക്കുന്നതിൽ കുടുംബം പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട് (സുഭാ. 22:6).

ആധുനിക ലോകത്തിൽ കുടുംബങ്ങൾ വളരെയധികം വെല്ലുവിളി നേരിടുന്നുണ്ട്. അതുകൊണ്ടുതന്നെ ചില കുടുംബങ്ങളെങ്കിലും തകർച്ചയുടെ വക്കിലോ, തകർക്കപ്പെട്ട അവസ്ഥയിലോ ആണ്. ഇതിന്റെ പ്രധാന കാരണങ്ങളിൽ ചിലത്, പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും അഭാവം, സാമ്പത്തിക വ്യഗ്രത, സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനവും ദുരുപയോഗവും, ലഹരി വസ്തുക്കളുടെ ഉപയോഗം, പ്രമാണങ്ങളുടെ ലംഘനം തുടങ്ങിയവയാണ്.

പ്രകൃതിയിലുള്ളതിനേക്കാൾ കൂടുതൽ മാലിന്യം പേറുന്ന ചവറ്റുകുട്ടകളായി മനുഷ്യമനസുകൾ മാറിക്കഴിഞ്ഞു. ഒരു ക്രിസ്ത്യാനി വിളിക്ക

പ്പെട്ടിരിക്കുന്നത് വിശുദ്ധിയിലേക്കാണ്. എന്നാൽ ഇന്ന് എത്രപേർക്ക് ക്രിസ്തുവിനോടൊപ്പം നടന്ന് അവന്റെ വാക്ക് ശ്രവിക്കുവാൻ സാധിക്കുന്നുണ്ട് ? എത്ര ഭവനങ്ങളിൽ കുടുംബപ്രാർത്ഥനയുണ്ട് ? എത്ര പേർക്ക് പറയാൻ സാധിക്കും ക്രിസ്തു എന്റെ ചങ്കാണ്, അവൻ എന്റെ കൂടെയുണ്ടെന്ന്?

മനുഷ്യർക്ക് ഇന്ന് മുഖംമൂടി വെയ്ക്കാതെ ജീവിക്കാൻ കഴിയില്ലെന്ന അവസ്ഥയിലായി. പൊതുസമൂഹത്തിലും ജോലിസ്ഥലത്തും, ഇടവകയിലും കുടുംബത്തിലും, കൂട്ടുകാരുടെയിടയിലും, അധികാരികളുടെ മുൻപിലും കുറച്ചധികം ആളുകൾക്കെങ്കിലും വിവിധ തരത്തിലുള്ള മുഖംമൂടിയണിയേണ്ടി വരുന്നുണ്ട്. എന്തിനാണ് മനുഷ്യൻ സ്വയം മറച്ചുവെച്ചുകൊണ്ട് ഇവ ധരിക്കുന്നത്? കാരണമുണ്ട് ! 'മറ്റുള്ളവരുടെയിടയിൽ എന്റെ കുറവുകൾ മറച്ചുവെയ്ക്കാൻ! എന്റെ കഴിവുകേടുകൾ ആരും കാണാതിരിക്കാൻ! എന്റെ ദുഃശീലങ്ങൾ ആരും അറിയാതിരിക്കാൻ! ഞാൻ പെർഫെക്ട് ആണെന്ന് മറ്റുള്ളവരെ വിശ്വസിപ്പിക്കാൻ! എനിക്ക് മറ്റുള്ളവരുടെയിടയിൽ അംഗീകാരം ലഭിക്കാൻ! എനിക്ക് മറ്റുള്ളവരുടെമേൽ അധികാരം സ്ഥാപിക്കാൻ! എനിക്ക് ലഭിക്കേണ്ടത് മറ്റുള്ളവർ തട്ടിയെടുക്കുമോ എന്ന ഭയം മൂലമോ, അല്ലെങ്കിൽ അവരുടേതുകൂടി എനിക്ക് ലഭിക്കണമെന്ന അത്യാഗ്രഹംകൊണ്ടോ! അതുമല്ലെങ്കിൽ മറ്റുള്ളവരെ കരിവാരിത്തേച്ചുകൊണ്ട് എനിക്ക് നല്ലപിള്ള ചമയാൻ! ' അതിന് ഈ മുഖംമൂടിയണിയാൻ മനുഷ്യൻ സ്വയം നിർബന്ധിതനാവുന്നു (ഗലാ 6:34). ലോകത്തിന്റെ പലഭാഗങ്ങളിലും അർഹതയില്ലാത്തവർ മുഖംമൂടിയണിഞ്ഞുകൊണ്ട് ഇല്ലാത്ത യോഗ്യതകൾ ഉണ്ടെന്ന് മറ്റുള്ളവരെ തെറ്റിദ്ധരിപ്പിച്ച് (അധികാരികൾ അവർക്കുനേരെ കണ്ണടച്ചുപിടിക്കുന്നതുകൊണ്ടോ) എത്തിച്ചേർന്നിട്ടുണ്ടാവാം. ഇത്തരക്കാർക്കൊക്കെ അലിഖിത നിയമങ്ങളുടെ പരിരക്ഷ ലഭിക്കുന്നുമുണ്ടാവാം. അവരുടെ മക്കളും അതൊക്കെക്കണ്ടാണ് വളരുന്നതെങ്കിൽ ആ തലമുറയുടെ ജീവിതവും നശിച്ചുപോകാൻ സാധ്യതയില്ലേ? ഞായറാഴ്ച കുർബാനയിലെ സന്ദേശംകൊണ്ടോ വേദോപദേശ ക്ലാസുകൾക്കൊണ്ടോ മാത്രം ഇവരെ മാറ്റിയെടുക്കാൻ സാധിക്കുമോ? പിന്നെ എങ്ങനെയാണ് സ്റ്റേറ്റ് കാർ നമ്മുടെ വീടിന്റെ മുറ്റത്ത് കിടക്കുന്നതിന് അവസരമൊരുങ്ങുക?

എന്നാൽ ഈ മുഖംമൂടിയണിഞ്ഞുകൊണ്ട് മനുഷ്യനെ മാത്രമേ കബളിപ്പിക്കാൻ കഴിയൂ. മുഖത്തേക്ക് നോക്കാതെ നിന്റെ മനസിലേക്ക് നോക്കുന്ന, നിന്റെ ഹൃദയവിചാരങ്ങളെപ്പോലും വിവേചിച്ചറിയുന്ന ദൈവത്തെ പ്പറ്റിക്കാൻ നിനക്കാവുമോ? (ലൂക്കാ.16:15). ഇത് കേൾക്കുമ്പോൾ പലയാളുകളും അസ്വസ്ഥപ്പെട്ടേക്കാം. കാരണം, അവരിൽ ചിലരെങ്കിലും ഇതിൽ ഉൾപ്പെടുന്നവരോ, അല്ലെങ്കിൽ അതിനെ പ്രോത്സാഹിപ്പിക്കുന്നവരോ, അതുമല്ലെങ്കിൽ അതിനുനേരെ കണ്ണടയ്ക്കുന്നവരോ ആകാം. 'പക്ഷേ മറഞ്ഞി

രിക്കുന്നതൊന്നും വെളിച്ചത്തുവരാതിരിക്കുകയില്ല ' (ലൂക്കാ.12:2). അത്തരക്കാരുണ്ടെങ്കിൽ അവർക്ക് ഒരു പുനർ വിചിന്തനത്തിന്റെ സമയം കൂടിയാണ് നവീകരണത്തിന്റെ ഈ കാലഘട്ടം.

വർഷാവർഷം ആഗമനകാലവും, വലിയനോമ്പും, ഇടവകതിരുനാളും, വിശുദ്ധരുടെ തിരുനാളുകളും ആരാധനാക്രമത്തിലെ മറ്റു തിരുനാളുകളും മാറിമാറിവന്നാലും, യുവജനവർഷവും, കുടുംബവർഷവും, കരുണയുടെ വർഷവും, പൗരോഹിത്യവർഷവുമൊക്കെ ആചരിച്ചാലും, ധ്യാനങ്ങളിലും കൺവൻഷനുകളിലും പങ്കെടുത്താലും, തീർത്ഥാടനകേന്ദ്രങ്ങൾ സന്ദർശിച്ചാലും ഒരുവന് സ്വയം മാറാൻ സാധിച്ചില്ലെങ്കിൽ അവന്റെ ആത്മാവിന് അതുകൊണ്ട് എന്ത് പ്രയോജനം? (മർ. 8:3637). മദർ തെരേസ പറയുന്നതുപോലെ നമ്മുടെ ഹൃദയത്തിലും, ഭവനത്തിലും ദൈവത്തിനു വാസസ്ഥലമൊരുക്കിയിട്ടുണ്ടോയെന്നും പരിശോധിക്കണം.

ഒരു ചീത്തയായ പഴമോ പച്ചക്കറിയോ കുട്ടയിലെ മറ്റുള്ളതിനേക്കൂടി ചീത്തയാക്കുന്നതുപോലെ, കുടുംബത്തിലെ ഒരാളുടെ മോശമായ പെരുമാറ്റം ആ കുടുംബത്തിന്റെയും സമൂഹത്തിന്റെയും സൽപ്പേരുതന്നെ കളങ്കപ്പെടുത്തിയേക്കാം. മനുഷ്യർ തമ്മിൽ ചിട്ടയായ ജീവിതം ക്രമീകരിക്കേണ്ടതിന് പൗലോശ്ലീഹാ ജീവിതത്തിന് ചില നിയമങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. ഭാര്യാ  ഭർത്താക്കന്മാർ തമ്മിലും, അവർ മാതാപിതാക്കന്മാരായി മാറുമ്പോഴും, അവരുടെ മക്കൾ തമ്മിലും ആരോഗ്യകരമായ സമ്പർക്കം ഉടലെടുക്കേണ്ടത് എപ്രകാരമായിരിക്കണമെന്ന് അദ്ദേഹം തന്റെ ലേഖനങ്ങളിലൂടെ തെളിമയോടുകുടി വരച്ചുകാണിക്കുന്നു. എന്തെന്നാൽ, വൈദിക  സന്യസ്ത വിളിപോലെ കുടുംബജീവിതവും ശ്രേഷ്ഠമായ ദൈവവിളിയാണ്. അതുകൊണ്ട് വിവാഹവേളയിൽ കൈകൾ ചേർത്തുവെച്ച് പ്രതിജ്ഞയെടുക്കുന്നത് അത് പാലിക്കപ്പെടാൻ കൂടിയാണ്. മാതാപിതാക്കന്മാരെ ബഹുമാനിക്കണം എന്ന പ്രമാണത്തിൽ, മക്കളെ പ്രകോപിപ്പിക്കരുത് എന്ന് കൂട്ടിവായിക്കാനും അവരെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്താനും ശ്ലീഹാ ഉത്ബോധിപ്പിക്കുന്നുണ്ട് (കൊളോ. 3:525), (എഫേ. 6:14).

പലപ്പോഴും മറ്റുള്ളവരെ ശ്രവിക്കാനും മനസിലാക്കാനും അവരുടെ കുറവുകൾ അംഗീകരിക്കാനും, അവരോടൊപ്പം സമയം ചിലവഴിക്കാനും അല്പമൊക്കെ വിട്ടുവീഴ്ച ചെയ്യാനുമൊക്കെ (കൊളോ. 3:13) സാധിക്കാത്തതാണ് പല പ്രശ്നങ്ങളും വഷളാക്കുന്നത്. 'നിന്റെ കൂടെ ഞങ്ങളുണ്ട്' എന്ന മാതാപിതാക്കളുടെ ഒറ്റവാക്കുമതിയാവും ചിലപ്പോൾ ഒരു വ്യക്തിക്ക് ജീവിതം മുഴുവൻ പോസിറ്റീവ് എനർജി ലഭിക്കുവാൻ. ഇതിനെ മറ്റേതൊരു ലഹരിക്കും കീഴ്പ്പെടുത്താൻ സാധിക്കില്ല. അർഹതപ്പെട്ടവരുടെ പിന്തുണയും സ്നേഹവും ലഭിക്കാതെ അവരിൽ നിന്ന് അവഗണനയും നിന്ദ്യവും നേരിട്ടവരായിരിക്കും പരാജയപ്പെട്ടുപോയവരിൽ ഏറെ

യും. കുടുംബങ്ങളിൽ ഇന്ന് ഈ ചേർത്തുപിടിക്കലിന്റെ അഭാവവും സൈബർയുഗത്തിന്റെ സ്വാധീനവും മനുഷ്യമനസുകൾ തമ്മിൽ അകലം വർധിക്കാൻ കാരണമായിട്ടുണ്ട്. കുടുംബത്തിലെ ഓരോ വ്യക്തിക്കും വ്യത്യസ്ത തരത്തിലുള്ള ഉത്തരവാദിത്വങ്ങളും കടമകളുമുണ്ട്. എന്നുകരുതി ഒന്നോ രണ്ടോ പേർ മാത്രം ഇതൊക്കെ അനുസരിക്കുകയും ബാക്കിയുള്ളവർക്ക് ഇതൊക്ക ബാധകമല്ലാതിരിക്കുകയും ചെയ്യുന്നത് ശരിയല്ല. ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ചു നിലനിൽക്കും (മത്താ.18:1920). നസ്രത്തിലെ കുടുംബം എല്ലാക്കാലത്തേയും കുടുംബങ്ങൾക്ക് മാതൃകയാണ് (ഹെബ്രാ.10:24).

ഇതൊക്കെ പറയുമ്പോൾ ഞാൻ ഒറ്റപ്പെട്ടേക്കാം. എന്റെ കൂടെ കക്ഷി ചേരാൻ ആരുമുണ്ടായില്ലെന്ന് വരാം. നമുക്ക് സ്തുതി പാടുന്നവരെ ഇഷ്ടപ്പെടുന്നതും കുറ്റം കണ്ടുപിടിക്കുന്നവരെ ഇഷ്ടപ്പെടാതിരിക്കുന്നതും നമ്മുടെ തിരഞ്ഞെടുപ്പാണ്. എന്നാൽ ആരോപിക്കുന്ന തെറ്റുകളിൽ കഴമ്പുണ്ടോ എന്ന് പരിശോധിക്കേണ്ടത് നമ്മുടെ നീതിയെയും വിശ്വാസത്തേയും അടിസ്ഥാനപ്പെടുത്തിയാണ് നിലകൊള്ളുന്നത്.

എനിക്ക് ഏറ്റം ആദരവുള്ള വിജയപുരം രൂപതയുടെ മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേചേരിൽ പിതാവിന്റെ വാക്കുകൾ കടമെടുത്തുകൊണ്ട്  ഈ കുറിപ്പ് അവസാനിപ്പിക്കുകയാണ്. 'വൈദികർക്കും സന്യസ്തർക്കും രൂപംനൽകാൻ 10 മുതൽ 15 വർഷം വരെ സമയമെടുക്കുമ്പോൾ വെല്ലുവിളി നിറഞ്ഞ ഈ കാലഘട്ടത്തിൽ വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നവർക്ക് ലഭിക്കുന്നത് വെറും 3 ദിവസത്തെ പരിശീലനം മാത്രമാണ്. ഇത് ശരിയായ രീതിയല്ല. അതുകൊണ്ട് ചൈൽഡ് മിനിസ്ട്രിയും യൂത്ത് മിനിസ്ട്രിയും ഫാമിലി കമ്മീഷനും ശക്തിപ്പെടുത്തുകയും ഓരോ കാലഘട്ടത്തിലുമുള്ളവർക്ക് അവരുടെ ജീവിതവെല്ലുവിളി കണ്ടെത്തുന്നതിനും മെച്ചപ്പെട്ട വ്യക്തിത്വം രൂപപ്പെടുത്തുന്നതിനും ഉതകുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കണമെന്നും നിലവിലെ മതപഠന സംവിധാനങ്ങൾ അതിന്റെ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടണമെന്നും പിതാവ് ആഹ്വാനം ചെയ്തിരുന്നു. ഇക്കഴിഞ്ഞ ഒക്ടോബർ 7 ന് രൂപതാ ദിവ്യകാരുണ്യ കോൺഗ്രസിനോടനുബന്ധിച്ച് വിമലഗിരിയിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയിലും പിതാവ് കുടുംബങ്ങളുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞിരുന്നു.

വരും നാളുകളിൽ KCBC, KRLCC പോലെയുള്ള സംവിധാനങ്ങളിലൂടെ സ്ഥിരതയുള്ള കുടുംബങ്ങളെ വാർത്തെടുക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റവും താഴേത്തട്ടിലും ശക്തിപ്പെട്ട് സെബാസ്റ്റ്യൻ പിതാവിന്റെ വാക്കുകൾ യാഥാർത്ഥ്യമാകട്ടെയെന്ന് പ്രത്യാശിക്കുന്നു. 'ദൈവം യോജിപ്പിച്ചത് മനുഷ്യൻ ഒരിക്കലും വേർപെടുത്താതിരിക്കട്ടെ (മർക്കോ.10:9).'

# വിജയപുരം രൂപത കോർപ്പറേറ്റ്
# ചരിത്രരചന ശില്പശാല



**വി**ജയപുരം രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന കോർപ്പറേറ്റ് സ്കൂളുകളുടെ ചരിത്രരചനയുടെ ഭാഗമായുള്ള ശില്പശാല 2023 ഒക്ടോബർ 16 തിങ്കളാഴ്ച കോട്ടയം ഹോളി ഫാമിലി ഹയർ സെക്കൻഡറി സ്ക്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. കോട്ടയം ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എറണാകുളം എന്നീ ജില്ലകളിലായി പ്രവർത്തിച്ചുവരുന്ന സ്കൂളുകളിൽ നിന്ന് കൺവീനർമാർ പങ്കെടുത്തു. വിജയപുരം രൂപതാ വികാരി ജനറാളും കോർപ്പറേറ്റ് സ്കൂൾ കൗൺസിൽ പ്രസിഡന്റുമായ റവ. മോൻസീഞ്ഞോർ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപറമ്പിൽ ചരിത്രരചന ശില്പശാല ഉദ്ഘാടനം ചെയ്തു. പ്രൗഢ പാരമ്പര്യമുണർത്തുന്ന നമ്മുടെ സ്കൂളുകളുടെ കൃത്യവും വ്യക്തവുമായ ചരിത്ര അന്വേഷണവും ചരിത്രരചനയും കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് ഉദ്ഘാടന സന്ദേശത്തിൽ വികാരി ജനറാളച്ചൻ പറഞ്ഞു. വിജയപുരം കോർപ്പറേറ്റ് മാനേജരും കെ.ആർ.എൽ.സി.ബി.സി ഹെറിട്ടേജ് കമ്മീഷൻ സെക്രട്ടറിയും ചരിത്രകാരനുമായ റവ. ഡോ. ആന്റണി ജോർജ് പാട്ടപ്പറമ്പിൽ ചരിത്രരചന ശില്പശാലയിൽ ക്ലാസുകൾ നയിച്ചു.

ചരിത്രരചനയ്ക്കാവശ്യമായ വിവരശേഖരണം എങ്ങനെ നടത്താമെന്നും, എത്രമാത്രം സൂക്ഷ്മത പുലർത്തണമെന്നും, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമെന്നും, ചരിത്രത്തിന്റെ പ്രാധാന്യം എന്തെന്നും വിശദമാക്കി.

വിവിധ വിദ്യാലയങ്ങളുടെ ആരംഭകാലത്തെക്കുറിച്ചും അന്നത്തെ സാമൂഹിക സാംസ്കാരിക സാമ്പത്തിക അവസ്ഥകളെക്കുറിച്ചും പ്രാരംഭകാലത്ത് ഈ സ്കൂളുകളുടെ പ്രസക്തി എന്തായിരുന്നു എന്നും വിവിധ സ്രോതസ്സുകൾ വഴി അത്തരം കാര്യങ്ങൾ എങ്ങനെ കണ്ടെത്താം എന്നും ആന്റണി പാട്ടപ്പറമ്പിലച്ചന്റെ ക്ലാസിലൂടെ വ്യക്തമാക്കപ്പെട്ടു. മോഡൽ ചരിത്രരചനയുടെ കരട് കോട്ടയം മൗണ്ട് കാർമൽ ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് റവ. സി. ജെനിൻ സി. എസ്. എസ്. ടി അവതരിപ്പിച്ചു തുടർന്ന്

വിവിധ ഗ്രൂപ്പുകളായ് തിരിഞ്ഞ് ലഭ്യമായ ചരിത്ര ശേഖരങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ചകൾ നടത്തുകയും അഭിപ്രായ രൂപീകരണങ്ങൾക്ക് ശേഷം അവതരിപ്പിക്കുകയും പൊതു ചർച്ച നടത്തി ചരിത്രരചനയുടെ ഭാവി കർമ്മ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തു. ചരിത്രരചനയ്ക്കായുള്ള വിജയപുരം കോർപ്പറേറ്റ് സമിതിയുടെ ജനറൽ കൺവീനർ ശ്രീ .സോജൻ മൂന്നാർ, വർക്കിംഗ് കൗൺസിൽ സെക്രട്ടറി ശ്രീ. എൻ എഫ് സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

---

## യുദ്ധത്തിനെതരെ പ്രാർത്ഥനാപൂർവ്വം ഒരുമിക്കാം കേരള റോമൻ കത്തോലിക്ക മെത്രാൻ സമിതി



മനുഷ്യമനസാക്ഷിക്ക് മുറിവേൽപ്പിക്കുന്ന വിധം പശ്ചിമേഷ്യയിൽ യുദ്ധം നടത്തപ്പെടുന്നതു വഴി അനേകം മനുഷ്യ ജീവൻ ബലികഴിപ്പിക്കപ്പെടുകയും കുഞ്ഞുങ്ങൾക്ക് ദാരുണ മരണം സംഭവിക്കുകയും ചെയ്തു കൊണ്ടിരിക്കുന്ന ഈ പ്രത്യേക സാഹചര്യത്തിൽ യുദ്ധം അവസാനിക്കപ്പെടാനും സമാധാനം പുനഃസ്ഥാപിക്കപ്പെടാനും വേണ്ടി കേരള റോമൻ കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ വരാപ്പുഴ ആസ്ഥാന ദേവാലയമായ എറണാകുളം സെൻറ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ വച്ച് പ്രാർത്ഥനാ യജ്ഞം നടത്തി. യുദ്ധത്തിനെതിരായുള്ള ഈ പ്രാർത്ഥനാ മണിക്കൂറിന് വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ.ജോസഫ് കളത്തിപറമ്പിൽ, തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത ഡോ.തോമസ് നെറ്റൊ, വിജയപുരം രൂപത മെത്രാൻ ഡോ. സെബാസ്റ്റ്യൻ തെക്കെതെച്ചേരിൽ, കൊല്ലം രൂപത മെത്രാൻ ഡോ.പോൾ മുല്ലശ്ശേരി, ആലപ്പുഴ മെത്രാൻ ഡോ. ജെയിംസ് ആനാപറമ്പിൽ, പുനലൂർ രൂപത മെത്രാൻ ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, കൊച്ചി രൂപതാ മെത്രാൻ ഡോ. ജോസഫ് കരിയിൽ, കോഴിക്കോട് രൂപത മെത്രാൻ ഡോ. വർഗീസ് ചക്കാലക്കൽ, തിരുവനന്തപുരം സഹായമെത്രാൻ ഡോ.ക്രിസ്തുദാസ് എന്നിവർ നേതൃത്വം നൽകി.


# ഇടവക വാർത്തകൾ



ബാലികാ ദിനം : സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂർ സെന്റ് മേരീസ് ഇടവകയിൽ ബാലികാ ദിനത്തിന്റെ ഭാഗമായി ബാലികമാരെ ആദരിച്ചു.



മിഷൻ ലീഗ് ദിനം: കുറുമുള്ളൂർ സെന്റ് മേരീസ് ഇടവകയിൽ മിഷൻലീഗ് ദിനം ആഘോഷിച്ചു. വിശുദ്ധ കുർബാനയ്ക്കു ശേഷം കൂടിയ യോഗത്തിൽ സി.എം.എൽ പ്രസിഡന്റ് ക്രിസ്റ്റോ ജോസഫ് സ്വാഗതമർപ്പിച്ചു. ബഹു. വികാരിയച്ചൻ മിഷൻ ലീഗ് ദിനത്തെക്കുറിച്ച് സന്ദേശം നല്കുകയും ചെയ്തു. സി.എം.എൽ സെക്രട്ടറി പ്രീതി മാത്യു അധ്യാപക പ്രതിനിധി ജോസഫ് കെ.എ. എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. സി.എം.എൽ ആനിമേറ്റർ സിസിലി സേവ്യർ യോഗത്തിന് കൃതജ്ഞത അർപ്പിച്ചു.



അനുസ്മരണ ദിവ്യബലി, പട്ടുമല.



സൈഥര്യലേപനവും ഇടയസന്ദർശനവും വാഴൂർ



തിരുബാലസഖ്യം ഓഗസ്റ്റ് മാസത്തെ പ്രവർത്തനമായ വിശുദ്ധരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കിയ കുട്ടികൾക്ക് വികാരി ഫാ. അജി ചെറുകാക്രാംച്ചേരിയിൽ സമ്മാനങ്ങൾ നൽകി അനുമോദിക്കുന്നു.



ചാത്തൻതറ സെന്റ് സെബാസ്റ്റ്യൻസ്  ഇടവകയിൽ
തിരുന്നാളും ജപമാല ആചരണവും



ലീജിയൻ ഓഫ് മേരി തെള്ളകം കർമ്മലറാണി പ്രസീദിയത്തിന്റെ സെപ്റ്റംബർ ഫങ്ഷൻ 22)ീ തിയതി 11 മണിക്ക് മിനിസ്ട്രി ഹോളിൽ വച്ചു നടത്തപ്പെട്ടു. പ്രസീദിയം പ്രസിഡണ്ട് ലീലാമ്മ മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗ് ബഹുമാനപ്പെട്ട വികാരിയച്ചൻ അജി ചെറുകാക്രാംചേരിൽ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ കൊമ്മീസ്സിയം പ്രസിഡന്റ് മരിയ ജോസഫ്, സെക്രട്ടറി  എലിസബത്ത്, ഇടവക സമിതി സെക്രട്ടറി ബേബി ജോൺ, ആണിമേറ്റർ ജോളി ബാബു, വത്സമ്മ ചാക്കോ എന്നിവർ ആശംസകൾ അർപ്പിച്ചു. മഹിളാവേദി, ആശാകിരണം, അയൽക്കൂട്ട അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു



മൂവാറ്റുപുഴ ക്രിസ്തുരാജ മതബോധന കേന്ദ്രം
മിഷ്യൻ ലീഗ്(CML )ദിനം ആചരിച്ചു.



സി.എം.എൽ. ദിനാചാരണം മൗണ്ട് കാർമ്മൽ ചർച്ച്, ആണ്ടൂർ



സ്ഥൈര്യലേപനവും ഇടയസന്ദർശനവും പൂവം



മുണ്ടക്കയം മേഖലയുടെ പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും മേഖലാതല മിഷൻ ലീഗ് ദിനാചരണവും പ്രൊപ്പോസ് സെൻറ് ജോസഫ് ഇടവകയിൽ വച്ച് നടത്തപ്പെട്ടു. മേഖലാ ഡയറക്ടർ ഫാ.ജോമോൻ പള്ളിക്കൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഫാ ആൽബർട്ട് കുമ്പളോലിൽ മുൻ മേഖലാ ഡയറക്ടർ പതാക ഉയർത്തി. മേഖല പ്രസിഡൻറ് ശ്രീ ഫ്രാങ്ക്ളിൻ അധ്യക്ഷത വഹിച്ചു. വൈസ് ഡയറക്ടർ സിസ്റ്റർ മേരി ടീന DIH, സിസ്റ്റർ മേരി ജിയാന DIH, ജനറൽ സെക്രട്ടറി സിന്റാ ഡെന്നീസ്, കുമാരി ഡോണ ഗിരീഷ് എന്നിവർ സംസാരിച്ചു. ..



ചങ്ങനാശ്ശേരി മേഖലയുടെ പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞിയും മേഖലാ ഭാരവാഹികളുടെ സംഗമവും 'ലൂമിനസ് 2023' ചങ്ങനാശ്ശേരി മേരി മൗണ്ട് ഇടവകയിൽ വെച്ച് നടത്തപ്പെട്ടു.

# വി.എസ്.എസ്.എസ്. വാർത്തകൾ

## മുതിർന്നവരുടെ സംഗമം- ശിശിരം





ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ സംസാരിക്കുന്നു

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന മുതിർന്ന പൗരന്മാരുടെ കൂട്ടായ്മയിലെ അംഗങ്ങളുടെ സംഗമം ഒക്ടോബർ 1-ന് വിമലഗിരിയിൽ നടന്നു. രാവിലെ അഭി.സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിച്ചു. അറിവിന്റെയും പ്രായോഗിക ബുദ്ധിയുടെയും മുഖങ്ങളായ മുതിർന്ന പൗരന്മാരുടെ സേവനം നന്ദിയോടെ അനുസ്മരിക്കുന്നുവെന്നും വ്യക്തിപരമായി ഇത് തന്റെയുംകൂടെ ആഘോഷദിനമാണെന്നും ദിവ്യബലിമദ്ധ്യേയുള്ള സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു. തുടർന്ന് രൂപതാ ചാൻസിലർ മോൺ. ഡോ. ജോസ് നവസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം പുതുപ്പള്ളി എം.എൽ.എ. ചാണ്ടി ഉമ്മൻ ഉദ്ഘാടനം ചെയ്തു. വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ, അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേര, നഗരസഭാംഗം മോളിക്കുട്ടി സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു. വിവിധ രംഗങ്ങളിൽ വ്യക്തിമുദ്രപകർത്തിയ രൂപതാംഗങ്ങളായ കെ.പി.ജോൺ കലാഭവൻ (സാമൂഹ്യപ്രവർത്തനം) ബേബി അലക്സ് പാക്കിൽ (കല), ആൻഡ്രൂസ്

മാന്താറ്റിൽ ചെങ്ങളം (ഉപവി), ത്രേസ്യാമ്മ മത്തായി തെള്ളകം (രാഷ്ട്രീയം) എന്നിവരെ ചടങ്ങിൽ ആദരിച്ചു. അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. 392 പേർ സംഗമത്തിനെത്തിയിരുന്നു.



സദസ്സ്




സർട്ടിഫിക്കറ്റ് വിതരണവും, കോഴ്സുകളുടെ ഉദ്ഘാടനവും

വിജയപുരം രൂപതയുടെ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സെൻറ് ജോസഫ്സ് ഐടിഐയുടെ 2022 23 വർഷത്തിലെ Mechanic Diesel(NCVT) കോഴ്സിന്റെയും, JSS ന്റെ Eletcronics & Hardware കോഴ്സിന്റെയും സർട്ടിഫിക്കറ്റ് വിതരണവും ഉദ്ഘാടനവും സെൻറ് ജോസഫ് ഐ ടി ഹാളിൽ വച്ച് വിജയപുരം രൂപതാ വികാർ ജനറൽ ജനറലും വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രസിഡന്റുമായ Msgr.Rev.Fr. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ നിർവഹിച്ചു. വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ അധ്യക്ഷനായിരുന്നു. കോളേജ് മാനേജർ Rev.Fr.ലിനോസ് ബിവേര, കോളേജ് പ്രിൻസിപ്പാൾ ബെന്നി ജോർജ് ഇൻസ്ട്രക്ടർ, സുമേഷ് ട, അജീന K Aഎന്നിവർ സംസാരിച്ചു.

## ആശാകിരണം വിവിധ ഇടവകകൾ സമാഹരിച്ചു നൽകിയ ഉതക

| | | | |
|---|---|---|---|
| പാലാ | - 10,000/- | തിരുവല്ല | - 4000/- |
| പൂവം | - 10,000/- | പൊതി | - 4000/- |
| മാരാമൺ | - 3000/- | തിരുവല്ല | - 3000/- (ചികത്സാ സഹായം) |
| വെച്ചൂച്ചിറ | - 3000/- | പൂവം | - 5000/- (ചികത്സാ സഹായം) |

## നേത്രപരിശോധനാ ക്യാമ്പ്



നേത്രപരിശോധനാ ക്യാമ്പിൽ നിന്നും

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയുടെ സഹകരണത്തോടെ മുതർന്നവർക്കായി കാട്ടാംമ്പാക്കിൽ സംഘടിപ്പിച്ച സൗജന്യ നേത്രപരിശോധനക്യാമ്പ് ഞീഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീകലദിലീപ് ഉദ്ഘാടനം ചെയ്തു. കോ. ഓർഡിനേറ്റർ സിസ്റ്റർ സൂസൻ അദ്ധ്യക്ഷയായിരുന്നു. സിസ്റ്റർ സുപ്പീരിയർ റാണി, ഇടവക സമിതി സെക്രട്ടറി സണ്ണി എതിരവേലിൽ എന്നിവർ സംസാരിച്ചു. ഡോ. വിഷ്ണുവിന്റെ നേതൃത്വത്തിലുള്ള 5 അംഗ മെഡിക്കൽ സംഘം 61 പെരെ പരിശോധനയ്ക്ക് വിധേയരാക്കി. അർഹരായവർക്ക് സൗജന്യ നിരക്കിൽ കണ്ണടവിതരണം ചെയ്തു. ആനിമേറ്റർ ലിസി ജോസഫ് സ്വാഗതവും, കെ.സി.വൈ.എം. യൂണിറ്റ് പ്രസിഡന്റ് ഷിജോ. ജോയ് കൃതജ്ഞതയും പറഞ്ഞു.

## പരിശീലന പരിപാടി



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ മധുരവേലി പൊതി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങളിലെ സെക്രട്ടറിമാർക്കായി പ്രത്യേക പരിശീലന പരിപാടി

സംഘടിപ്പിച്ചു. 2023 ഒക്ടോബർ 16-ന് മധുരവേലി ഇൻഫന്റ് ജീസസ് ചർച്ച് ഹാളിൽ നടന്ന പരിശീലന പരിപാടിയിൽ വികാരി ഫാ. പോൾ ചാലവീട്ടിലും സന്നിഹിതനായിരുന്നു. സ്വാശ്രയ സംഘങ്ങളുടെ സമാഹൃത രജിസ്റ്റർ മിനിട്സ് ബുക്ക്, റിപ്പോർട്ട് ബുക്ക് എന്നിവ രേഖപ്പെടുത്തുന്നവിധവും ഓഡിറ്റിംഗിനായി സംഘങ്ങളെ സജ്ജരാക്കുന്നതിനുമായി നല്കിയ പരിശീലന പരിപാടിക്ക് സി.ഡി.ഒ, റ്റി.കെ. രാജു, കോർഡിനേറ്റർ മിനി വിനോദ്, സംഘചേതന പ്രതിനിധി വനജ ബൈജു എന്നിവർ നേതൃത്വം നൽകി. സന്ധ്യ സണ്ണി സ്വാഗതവും റോസമ്മ ഔസേപ്പച്ചൻ നന്ദിയും അറിയിച്ചു.

---



നൈപുണ്യ സമാരംഭ പദ്ധതി ഉദ്ഘാടനം തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.

## സർട്ടിഫിക്കറ്റ് വിതരണം

കേന്ദ്രസർക്കാരിന്റെ ദേശീയ നൈപുണ്യ സമാരംഭ പദ്ധതിയുടെ ഭാഗമായി വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി, ജൻ ശിക്ഷൺ സൻസ്ഥാനുമായി ചേർന്ന് നടത്തിയ പരിശീലന പരിപാടികളുടെ സർട്ടിഫിക്കറ്റ് വിതരണോത്ഘാടനം തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. നിർവ്വഹിച്ചു. വി.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. വിനോസ് ബിവേര അദ്ധ്യക്ഷത വഹിച്ചു. ഇലക്ട്രിക്കൽ & പ്ലംബിംഗ് ബ്യൂട്ടീഷൻ, തയ്യൽ എന്നിവയിൽ പരിശീലനം നേടിയവർ സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി. കോട്ടയം നഗരസഭാംഗം മോളിക്കുട്ടി സെബാസ്റ്റ്യൻ, സി.ഡി.ഒ. ടി.കെ. രാജു, ജി.എസ്.എസ്. പ്രോഗ്രാം ഒഫീസർ മിനിജോൺ, ജെ.എസ്.എസ്. ജില്ലാ കോർഡിനേറ്റർ സി.എസ്. ജയലളിത എന്നിവർ സംസാരിച്ചു.

## ആശാകിരണം സന്നദ്ധ പ്രവർത്തകയോഗം

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ രോഗീ സഹായപദ്ധതിയായ ആശാകിരണത്തിന്റെ സന്നദ്ധ പ്രവർത്തകരുടെ വിലയിരുത്തൽ യോഗം 4 മേഖലകളിലായി നടന്നു. പട്ടിത്താനത്ത് ഫാ. ഡോമിനിക് സാവിയേയും, കോട്ടയത്ത് ഫാ. ജോസഫ് തറയിലും, മുണ്ടക്കയത്ത് ഫാ. മാത്യു പള്ളിക്കലും അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രവർത്തകർ റിപ്പോർട്ട് അവതരിപ്പിക്കുകയും ചർച്ചകൾക്കുശേഷം പ്രവർത്തനാ ആസൂത്രണം നടത്തുകയും ചെയ്തു. ആശാകിരണം കോ-ഓർഡിനേറ്റർ പ്രമീല ജോർജ് പ്രവർത്തന നിർദ്ദേശങ്ങൾ നൽകി. 140 പേർ പങ്കെടുത്തു.



# അഭിവന്ദ്യ പിതാവിന്റെ
## നവംബർ മാസ പരിപാടികൾ

| | | |
|---|---|---|
| നവംബർ 2 | : | രാവിലെ 6.30നും 7.30 നും സകല മരിച്ചവിശ്വാസികൾക്കു വേണ്ടിയുള്ള ദിവ്യബലി, വിമലഗിരി കത്തീഡ്രൽ |
| നവംബർ 3 | : | PPD |
| നവംബർ 4 | : | 6.30ന് ദിവ്യബലി, വിമലഗിരി കത്തീഡ്രൽ. |
| നവംബർ 5 | : | വിൻസന്റ് ഡി പോൾ വാർഷിക സമ്മേളനം, വിമലഗിരി പാസ്റ്ററൽ സെന്റർ. |
| നവംബർ 6 | : | ഉച്ചകഴിഞ്ഞ് 3.00 മണിക്ക്: വൈദികപട്ട ദാനകർമ്മം : അടിമാലി |
| നവംബർ 7 | : | രാവിലെ 10.00 മണിയ്ക്കു : ദിവ്യബലി, സെന്റ്. ആന്റണി തീർത്ഥാടന കേന്ദ്രം, കോട്ടയം. |
| നവംബർ 8 | : | ഉച്ചകഴിഞ്ഞ് 3.00 മണിക്ക്: വൈദികപട്ട ദാനകർമ്മം : വണ്ടിപെരിയാർ. |
| നവംബർ 9 | : | ഉച്ചകഴിഞ്ഞ് 3.00 മണിക്ക്: വൈദികപട്ട ദാനകർമ്മം : പൊടിമറ്റം. |
| നവംബർ 9-10 | : | റീജിയണൽ ബിഷപ്പ്സ് മാസധ്യാനം : പുനലൂർ. |
| നവംബർ 11 | : | രൂപത ബൈബിൾ കലോത്സവം, വിമലഗിരി പാസ്റ്ററൽ സെന്റർ. |
| നവംബർ 13 | : | ഉച്ചകഴിഞ്ഞ് 3.00 മണിക്ക്: വൈദികപട്ട ദാനകർമ്മം : തോപ്രാകുടി. |
| നവംബർ 17 | : | PPD |
| നവംബർ 24 | : | PPD |
| നവംബർ 29 | : | വിമലഗിരി കത്തീഡ്രൽ, തിരുനാൾ. |



ദിവ്യകാരുണ്യ കോൺഗ്രസിനോട് അനുബന്ധിച്ച് വിമലഗിരിയിൽ നിന്നും
മിണ്ടാമഠത്തിലേക്ക് നടത്തിയ ദിവ്യകാരുണ്യപ്രദക്ഷിണം





---

മിണ്ടാമഠം നവതി ആഘോഷവുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ സ്മരണിക



**NOVEMBER 2023**
**Vol. 16 • Issue 11**
*Published on*
1th November 2023

# vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. **KL/KTM/117/2023-25**
LIC. No. **KL/CR/KTM/WPP-03/2023-25**
**Licensed to Post without prepayment**
RNI Registration No. **KERMAL/2008/24745**

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

यूनियन बैंक ऑफ इंडिया
**Union Bank** of India
A Government of India Undertaking

**Kodimatha Branch**
Amson Building, Ground Floor
Building No. 857G, E, F, Ward No. XXIX
Kodimatha, Kottayam - 686013



## യൂണിയൻ ഗോൾഡ് ലോൺ

**KCC** സ്വർണ്ണ വായ്പ **4%*** പലിശ മാത്രം

- ഗ്രാമിന് പരമാവധി **4722 രൂപ** വരെ
- 100 രൂപക്ക് പ്രതിമാസം 72 പൈസ മാത്രം പലിശ
- ബിസിനസ്സ് വ്യക്തിഗത ആവശ്യങ്ങൾക്ക് സ്വർണ്ണ പണയത്തിൻമേൽ മറ്റു ബാങ്കുകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.
- പ്രോസസ്സിംഗ് പ്രീ പേയ്മെന്റ് ചാർജ്ജുകൾ ഇല്ല.
- ലളിതവും വേഗമേറിയതുമായ പ്രോസസ്സിംഗ്.
- സ്വർണ്ണ പണയത്തിൻമേൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാണ്.
- 1 കോടി രൂപ വരെ സ്വർണ്ണപണയ വായ്പ ലഭ്യമാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10.00 മണി മുതൽ 4.00 മണി വരെ വായ്പാ സൗകര്യം.
- വായ്പാതുക അടച്ചു തീർത്ത ഉടൻ തന്നെ സ്വർണ്ണം തിരികെ ലഭിക്കുന്നു.

*Terms & Conditions apply

കൂടുതൽ വിവരങ്ങൾക്ക് :
**0481-2581213, 8369774730, 7012204575**



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180